കേരള സർക്കാർ

സാമൂഹ്യനീതി വകുപ്പ്

# ഭിന്നശേഷിക്കാർക്കായി നടപ്പിലാക്കുന്ന പദ്ധതികൾ

## 2018–19





സാമൂഹ്യ നീതി വകുപ്പ് | കേരള സർക്കാർ
ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ നൽകുന്ന പദ്ധതി
40% ശതമാനമോ അതിൽ കൂടുതലോ വൈകല്യമുള്ളവരായിരിക്കണം.
കുടുംബത്തിന്റെ വരുമാന പരിധി 1 ലക്ഷം രൂപ.
സഹായോപകരണം ഉപയോഗിക്കുവാനുള്ള പ്രാപ്തിയുള്ളതായി മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തണം.
ഇതിനകം സഹായോപകരണങ്ങൾ സർക്കാർ/ സർക്കാരിതര സ്ഥാപനങ്ങൾ/ ഏജൻസികൾ മുഖേന ലഭിച്ചവർ അപേക്ഷ സമർപ്പിക്കാൻ അർഹരല്ലാത്തവരാണ്.
Joy Stick operator, Wheel Chair, Smart Phone with Screen Reader, Daisy Player, Cerebral Palsy Wheel Chair, Talking Calculator
അപേക്ഷകൾ അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് സമർപ്പിക്കുക




അന്ധരായ അഭിഭാഷകർക്കുള്ള ധനസഹായ പദ്ധതി
അപേക്ഷകർ സംസ്ഥാനത്തെ കോടതികളിൽ പ്രാക്ടീസ് ചെയ്യുന്നവരായിരിക്കണം.
കുടുംബത്തിന്റെ വാർഷിക വരുമാനം 1,00,000 രൂപയിൽ അധികമാവരുത്.
ധനസഹായ പദ്ധതിയുടെ കാലാവധി 8 വർഷവുമാണ്.
വായനാസഹായിയാകുന്ന വ്യക്തി SSLC പരീക്ഷയെങ്കിലും പാസ്സായിരിക്കണം.
ധനസഹായം 4000 രൂപ
അപേക്ഷകൾ സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കുക.




പുതിയ പദ്ധതി
കാഴ്ചവൈകല്യമുള്ള അമ്മമാർക്ക് പ്രസവാനന്തരം
കുഞ്ഞിനെ പരിപാലിക്കുന്നതിനുള്ള ധനസഹായ പദ്ധതി
* വരുമാന പരിധി 1 ലക്ഷം രൂപ
* കാഴ്ചവൈകല്യം 40 ശതമാനവും അതിനുമുകളിലും
* കുഞ്ഞിന് 2 വയസ്സ് ആകുന്നതുവരെ ധനസഹായം അനുവദിക്കുന്നു.
കൂടുതൽ വിവരങ്ങൾക്ക് തൊട്ടടുത്ത അങ്കണവാടി കേന്ദ്രവുമായി ബന്ധപ്പെടുക.
www.sjd.kerala.gov.in




ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി
ശാരീരിക മാനസിക അവശതകൾ മൂലം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോയി പഠനം നടത്താനാവാതെ വിഷമിക്കുന്നവർ ധാരാളമുണ്ട്. ഇത്തരക്കാർക്ക് ഓപ്പൺ യൂണിവേഴ്സിറ്റി പ്രോഗ്രാം, പ്രൈവറ്റ് രജിസ്ട്രേഷൻ എന്നിവ വഴി വീട്ടിൽ തന്നെ ഇരുന്ന് പഠിക്കുന്നതിന് സ്കോളർഷിപ്പ് നൽകുന്ന ഒരു പദ്ധതി പ്രയോജനപ്രദമായിരിക്കും. അംഗപരിമിതർക്കിടയിലെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് ഈ പദ്ധതി സഹായകമാവും.
പരമാവധി ധനസഹായം
10,000 രൂപ
അപേക്ഷ ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർമാർക്ക് സമർപ്പിക്കേണ്ടതാണ്.




സാമൂഹ്യ നീതി വകുപ്പ് | കേരള സർക്കാർ
പരിരക്ഷ പദ്ധതി
അംഗപരിമിതർക്ക് അടിയന്തിര ഘട്ടങ്ങളിൽ സഹായം നൽകുന്ന പരിരക്ഷ പദ്ധതിക്കായി 2018-19 സാമ്പത്തിക വർഷം 70 ലക്ഷം രൂപയ്ക്ക് സർക്കാർ അനുമതി ലഭ്യമായി.
അടിയന്തിര സാഹചര്യങ്ങൾ അഭിമുഖീകരിക്കുന്ന അംഗപരിമിതർക്ക് മറ്റുള്ളവരെക്കാൾ കൂടുതൽ ശ്രദ്ധയും പരിചരണവും ആവശ്യമാണ്. ആയത് ഉറപ്പാക്കുന്ന തരത്തിലാണ് പരിരക്ഷ പദ്ധതി നടപ്പിലാക്കുന്നത്.

കേരള സർക്കാർ
സാമൂഹ്യനീതി വകുപ്പ്

# ഭിന്നശേഷിക്കാർക്കായി നടപ്പിലാക്കുന്ന പദ്ധതികൾ

## 2018–19



# ഉള്ളടക്കം

സംസ്ഥാന സർക്കാർ
പദ്ധതികൾ ........ 6

കേന്ദ്ര സർക്കാർ
പദ്ധതികൾ ........ 14

ഭിന്നശേഷിക്കാരുടെ
അവകാശ നിയമം ........ 23

റിഹാബിലിറ്റേഷൻ കൗൺസിൽ
ഓഫ് ഇന്ത്യ ആക്ട് 1992 ........ 28

നാഷണൽ
ട്രസ്റ്റ് നിയമം ........ 30

2017–18 മുതലുള്ള
പ്രവർത്തന നേട്ടങ്ങൾ ........ 36

നാഷണൽ ട്രസ്റ്റ് സ്പെഷ്യൽ സെൽ –
പ്രവർത്തന റിപ്പോർട്ട് ........ 39

വകുപ്പിനു കീഴിലെ വിവിധ സ്ഥാപനങ്ങൾ ........ 42



# ആമുഖം

ഭിന്നശേഷിക്കാരെ സമൂഹത്തിന്റെ മുൻ നിരയിലേയ്ക്ക് കൊണ്ടു വരികയെന്നത് സാമൂഹ്യനീതി വകുപ്പിന്റെ സുപ്രധാന ലക്ഷ്യങ്ങളിലൊന്നാണ്. അവർക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങളും സുരക്ഷയും ഒരുക്കുന്നതിനും നിയമ പരിരക്ഷ ഉറപ്പാക്കുന്നതിനുമായി പല സുപ്രധാന ക്ഷേമ പദ്ധതികളും കേന്ദ്ര സംസ്ഥാന സർക്കാരുകൾ സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. ഭിന്നശേഷിക്കാർക്കായി സാമൂഹ്യനീതി ഡയറക്ടറേറ്റ് മുഖാന്തരം നടപ്പിലാക്കുന്ന വിവിധ പദ്ധതികളെ സംബന്ധിച്ചും ഭിന്നശേഷിക്കാരുടെ അവകാശ നിയമത്തെക്കുറിച്ചുമുള്ള ലഘു വിവരണം ഇതിലൂടെ നൽകുന്നു. പദ്ധതികളെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്കും അപേക്ഷാ ഫാറത്തിനുമായി www.sjdkerala.gov.in / disabilityaffairs.gov.in എന്നീ വെബ്സൈറ്റ് സന്ദർശിക്കുക.

# സംസ്ഥാന സർക്കാർ പദ്ധതികൾ



## പരിരക്ഷാ പദ്ധതി

അടിയന്തിര സാഹചര്യം നേരിടേണ്ടി വരുന്ന ഭിന്നശേഷിക്കാർക്ക് സഹായം നൽകുന്നതിനുള്ള പദ്ധതി.

- അപകടങ്ങൾ, ആക്രമണങ്ങൾ, പ്രകൃതി ദുരന്തങ്ങൾ എന്നിവയ്ക്കിരയാകുന്ന ഭിന്നശേഷിക്കാർക്ക് അടിയന്തിര സഹായം.
- ആശ്രയമില്ലാതെ അലഞ്ഞു തിരിഞ്ഞു നടക്കുന്നവരെ ക്ഷേമ സ്ഥാപനങ്ങളിലെത്തിക്കുന്നു.
- അടിയന്തിര സഹായമായതിനാൽ വരുമാന പരിധി ഒഴിവാക്കിയിട്ടുണ്ട്. 25000/ രൂപ വരെ ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് വിനിയോഗിക്കാവുന്നതാണ്. ആയതിനു മുകളിലുള്ള തുക വിനിയോഗിക്കുന്നതിന് മോണിറ്ററിംഗ് കമ്മിറ്റിയുടെ അനുമതി ലഭ്യമാക്കിയിരിക്കേണ്ടതാണ്.

## സ്വാശ്രയ പദ്ധതി

തീവ്ര മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്ന മക്കളുള്ള മാതാവിന്/രക്ഷിതാവിന് (സ്ത്രീകൾ) സ്വയം തൊഴിൽ ധനസഹായം.

- ഒറ്റത്തവണ ധനസഹായം 35,000/ രൂപ
- ഒരു ജില്ലയിൽ ഒരു വർഷം പരമാവധി 15 പേർക്ക് അനുവദിക്കുന്നു.
- വൈകല്യ തോത് കൂടുതലുള്ളവർക്ക് മുൻഗണന നൽകുന്നതാണ്.

## മാതൃജ്യോതി പദ്ധതി

കാഴ്ച വൈകല്യം ബാധിച്ച അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ പരിപാലിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി ധനസഹായം നൽകുന്ന പദ്ധതി.

- മാസം 2000/ രൂപ ക്രമത്തിൽ 24 മാസം വരെ ധനസഹായം.
- ഒരു ലക്ഷം രൂപ വരെ വരുമാന പരിധി.

## വികലാംഗ ദുരിതാശ്വാസ നിധി ചികിത്സാ ധനസഹായം

ഭിന്നശേഷിക്കാർക്ക് ചികിത്സയ്ക്കായി ധനസഹായം നൽകുന്ന പദ്ധതി.

- ഒറ്റത്തവണ ധനസഹായം പരമാവധി 5000/ രൂപ
- വരുമാന പരിധി ഗ്രാമങ്ങളിൽ 20,000/, നഗരങ്ങളിൽ – 24,000/
- ചികിത്സയിലാണെന്നുള്ള ഡോക്ടർ സർട്ടിഫിക്കറ്റ് ആവശ്യമാണ്.

## പരിണയം

ഭിന്നശേഷിക്കാരായ പെൺകുട്ടികൾക്കും ഭിന്നശേഷിക്കാരായ മാതാപിതാക്കളുടെ പെൺമക്കൾക്കും വിവാഹ ധനസഹായം അനുവദിക്കുന്ന പദ്ധതി.

- ഒറ്റത്തവണ ധനസഹായം 30,000/ രൂപ
- വിവാഹത്തിന് ഒരു മാസം മുൻപ് അപേക്ഷ സമർപ്പിക്കണം.
- വരുമാന പരിധി 36,000/ രൂപ

## വിദ്യാജ്യോതി പദ്ധതി

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ, യൂണിഫോം എന്നിവയ്ക്കുള്ള ധനസഹായം.

- ഒൻപതാം ക്ലാസ്സ് മുതൽ പ്ലസ്ടു തലം വരെയുള്ള വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം.
- വരുമാന പരിധി നിശ്ചയിച്ചിട്ടില്ല.
- സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്നവർ അപേക്ഷിച്ചാൽ മതി.
- BPL വിദ്യാർത്ഥികൾക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.

## വിദ്യാകിരണം പദ്ധതി

ഭിന്നശേഷിക്കാരായ രക്ഷകർത്താക്കളുടെ (മാതാവ്/പിതാവ്/രണ്ടു പേരും) മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം.

- കുട്ടികളെ നാല് വിഭാഗമായി തിരിച്ച് ഒരു അധ്യയന വർഷം 10 മാസത്തേയ്ക്ക് ധനസഹായം നൽകുന്നു.
- വൈകല്യ തോത് കൂടുതലുള്ളവർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.
- 1–5 വരെ 300/Month<br>6–10 വരെ 500/Month<br>+1, +2, IT തത്തുല്യ കോഴ്സുകൾ – 750/Month<br>Degree, PG Poly technic - 1000/ month
- വരുമാന പരിധി ഒരു ലക്ഷം രൂപ
- വിദ്യാലയ മേധാവി മുഖാന്തിരം ആവശ്യമായ രേഖകൾ സഹിതം പൂർണ്ണമായി പൂരിപ്പിച്ച അപേക്ഷ ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കണം.

## ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി

ഒന്നാം ക്ലാസ്സു മുതൽ പ്രൊഫഷണൽ/പിജി കോഴ്സുകൾക്കു പഠിക്കുന്ന ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി.

- വരുമാന പരിധി 36,000/ രൂപ
- വിദ്യാലയ മേധാവി മുഖാന്തിരം ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് അപേക്ഷ സമർപ്പിക്കണം.

| *ശ്രേണി* | *ദിവസ വിദ്യാർത്ഥി കൾക്ക്* | *ഹോസ്റ്റൽ വിദ്യാർത്ഥി കൾക്ക്* | *റീഡേഴ്സ് അലവൻസ് (അന്ധ വിദ്യാർത്ഥിയ്ക്ക്)* |
|---|---|---|---|
| 1–4 | 300/ | | 200/ |
| 5–10 | 500/ | | 200/ |
| +1, +2, IT തത്തുല്യ കോഴ്സ് | 750/ | 1000/ | 300/ |
| ഡിഗ്രി, പോളിടെക്നിക്, തത്തുല്യ കോഴ്സുകൾ | 1000/ | 1500/ | 400/ |
| പിജി കോഴ്സുകൾ, പ്രൊഫഷണൽ കോഴ്സുകൾ | 1000/ | 1500/ | 400/ |

## കാഴ്ച വൈകല്യമുള്ള അഡ്വക്കേറ്റുമാർക്ക് റീഡേഴ്സ് അലവൻസ് നൽകുന്ന പദ്ധതി

വാർഷിക വരുമാനം ഒരു ലക്ഷം രൂപവരെയുള്ള കാഴ്ച വൈകല്യമുള്ള അഡ്വക്കേറ്റുമാർക്ക് എക്സ്ഗ്രേഷ്യാ അലവൻസും വായനാ സഹായി അലവൻസും അനുവദിക്കുന്ന പദ്ധതി.

- എക്സ്ഗ്രേഷ്യാ അലവൻസ് 3000/ രൂപ (ഒറ്റത്തവണ)
  വായനാ സഹായി അലവൻസ് 4000/പ്രതിമാസം
- 8 വർഷം വരെ ധനസഹായം.
- ഫുൾടൈം റീഡർ അസിസ്റ്റന്റ് ഉണ്ടെന്നുള്ള കോടതിയിലെ പ്രിസൈഡിംഗ് ഓഫീസറുടെ സാക്ഷ്യപത്രം.
- യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
- വായനാ സഹായി SSLC പാസ്സായിരിക്കണം.

## സഹായ ഉപകരണ വിതരണ പദ്ധതി

ഭിന്നശേഷിക്കാരുടെ കൃത്യ നിർവ്വഹണത്തിന് തടസ്സമാകുന്ന വൈകല്യം മറികടക്കാനുതകുന്ന സഹായ ഉപകരണങ്ങൾ നൽകുന്ന പദ്ധതി.

- വരുമാന പരിധി ഒരു ലക്ഷം രൂപ
- അപേക്ഷകൻ ആവശ്യപ്പെടുന്ന സഹായ ഉപകരണം ഉപയോഗിക്കുന്നതിന് അപേക്ഷകന് പ്രാപ്തിയുണ്ടെന്നുള്ള മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം.
- സർക്കാർ/സർക്കാർ ഇതര സ്ഥാപനങ്ങളിൽ നിന്നും ഒരു തവണ ഉപകരണം ലഭിച്ചവർ ടി പദ്ധതി പ്രകാരം അർഹരല്ല.

## ഭിന്നശേഷിക്കാർക്ക് തുല്യതാ പരീക്ഷ എഴുതുന്നതിന് ധനസഹായം നൽകുന്ന പദ്ധതി

സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കാൻ കഴിയാത്ത ഭിന്നശേഷിക്കാർക്ക് പത്താം ക്ലാസ്, പന്ത്രണ്ടാം ക്ലാസ് പരീക്ഷ എഴുതുന്നതിന് ധനസഹായം നൽകുന്ന പദ്ധതി.

- പരീക്ഷാ ഫീസ്, കോഴ്സ് ഫീസ് എന്നിവ നൽകുന്നു.
- സാക്ഷരതാ മിഷൻ മുഖേന നടപ്പിലാക്കുന്നു.
- വരുമാന പരിധി നിശ്ചയിച്ചിട്ടില്ല.

## വ്യക്തിഗത പരിപാലന പദ്ധതി

ഭിന്നശേഷിക്കാരുടെ വ്യക്തിഗത ആവശ്യങ്ങൾ മനസ്സിലാക്കുന്നതിന് വിവര ശേഖരണം നടത്തുന്ന പദ്ധതി.

- ഇതിലൂടെ ഓരോ ഭിന്നശേഷിക്കാരന്റെയും വ്യക്തിഗത ആവശ്യങ്ങൾ മനസ്സിലാക്കി അതിലൂടെ അവർക്കനുയോജ്യമായ പദ്ധതികൾ രൂപീകരിക്കുന്നു.
- തെരഞ്ഞെടുത്ത അങ്കണവാടി പ്രവർത്തകർ മുഖേന വിവരങ്ങൾ ശേഖരിച്ച് അനുബന്ധ വകുപ്പുകൾ മുഖേന പദ്ധതി നടപ്പാക്കുന്നതാണ്.

## ബാരിയർ ഫ്രീ കേരള

സംസ്ഥാനത്തെ എല്ലാ പൊതു കെട്ടിടങ്ങളും ഭിന്നശേഷി സൗഹൃദമാക്കുന്നതിന് ഉദ്ദേശിച്ചുള്ള പദ്ധതി.

- കണ്ണൂർ ജില്ലയെ സമ്പൂർണ്ണ ഭിന്നശേഷി സൗഹൃദ ജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ട്.
- മലപ്പുറം, വയനാട് ജില്ലകളെ കൂടി സമ്പൂർണ്ണ ഭിന്നശേഷി സൗഹൃദ ജില്ലകളായി കാലതാമസം കൂടാതെ പ്രഖ്യാപിക്കുന്നതാണ്.
- മറ്റു ജില്ലകളിലെ പൊതു കാര്യാലയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

## നിരാമയ പദ്ധതി

നാഷണൽ ട്രസ്റ്റ് നിയമത്തിന്റെ പരിധിയിൽ വരുന്ന ഭിന്നശേഷിക്കാർക്ക് ആരോഗ്യ ഇൻഷുറൻസ് നൽകുന്നതിനുള്ള പദ്ധതി.

- നാഷണൽ ട്രസ്റ്റ് രജിസ്റ്റർ ചെയ്ത സംഘടനകൾ വഴി നടപ്പിലാക്കുന്ന സ്കീമുകളിൽ പ്രധാനപ്പെട്ട ഒന്നാണ് നിരാമയ ഇൻഷുറൻസ് സ്കീം.
- ഒരു ലക്ഷം രൂപ വരെ വാർഷിക ചികിത്സാ ചെലവ് ലഭിക്കുന്നു.
- പദ്ധതിയിൽ ചേരുന്നതിന് ബി.പി.എൽ വിഭാഗം 250 രൂപയും, എ.പി.എൽ വിഭാഗം 500 രൂപയും പ്രീമിയം തുക അടയ്ക്കണം.
- കേരളത്തിൽ ഈ പ്രീമിയം തുക സംസ്ഥാന സർക്കാർ സ്റ്റേറ്റ് നോഡൽ ഏജൻസി സെന്റർ വഴി അടയ്ക്കുന്നു.
- എല്ലാ വർഷവും എപ്രിൽ 1 മുതൽ മാർച്ച് 31 വരെയാണ് പദ്ധതി കാലാവധി.
- എല്ലാ വർഷവും പോളിസി പുതുക്കണം. പുതുക്കുന്നതിന് ബി.പി.എൽ വിഭാഗം 50 രൂപയും, എ.പി.എൽ വിഭാഗം 250 രൂപയും പ്രീമിയം തുക അടക്കണം. ഈ തുകയും കേരളത്തിൽ സംസ്ഥാന സർക്കാർ തന്നെയാണ് അടക്കുന്നത്.

## പുനർജ്ജനി പദ്ധതി

അട്ടപ്പാടി ബ്ലോക്കിലെ മാനസികരോഗ ബാധിതരെ ചികിത്സയ്ക്കുശേഷം പുനരധിവസിപ്പിക്കുന്നതിന് ഉദ്ദേശിച്ചുള്ള പദ്ധതി.

- പുനർജ്ജനി എന്ന പേരിൽ ക്ഷേമ കേന്ദ്രം ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.
- ആരോഗ്യ വകുപ്പ്, പട്ടിക വർഗ്ഗ വികസന വകുപ്പ്, നാഷണൽ ഹെൽത്ത് മിഷൻ എന്നീ വകുപ്പുകളുടെ സഹകരണത്തോടെ നടത്തുന്നു.
- പാലക്കാട് നിർമ്മിതി കേന്ദ്ര മുഖേന കെട്ടിട നവീകരണ പ്രവർത്തനങ്ങൾ സ്വീകരിച്ചു വരുന്നു.

## സ്റ്റീഫൻ ഹോക്കിങ്ങ്സ് സെന്റർ ഫോർ എക്സലൻസ് (SHCE)

കലാകായിക ബൗദ്ധിക വിദ്യാഭ്യാസ മേഖലകളിൽ മികവ് തെളിയിച്ചിട്ടുള്ള ഭിന്ന ശേഷിയുള്ള കുട്ടികൾക്ക് മികച്ച രീതിയിൽ പഠന സാധ്യതകൾ ഉറപ്പു വരുത്തുന്നതിനുള്ള പദ്ധതി.

- NISH/NIPMR ആസ്ഥാനമാക്കി പ്രവർത്തനമാരംഭിക്കുന്നതിന് സർക്കാർ അനുമതി ലഭ്യമായിട്ടുണ്ട്.

## നാഷണൽ ട്രസ്റ്റ് ലീഗൽ ഗാർഡിയൻഷിപ്പ്

- ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, മൾട്ടിപ്പിൾ ഡിസെബിലിറ്റി എന്നിവ ബാധിച്ച വ്യക്തികളുടെ ക്ഷേമത്തിനായുള്ള നിയമം.
- ഇത്തരം വ്യക്തികളെ കഴിയുന്നത്ര സ്വന്തം കുടുംബങ്ങൾക്കുള്ളിൽ തന്നെ ജീവിക്കാൻ സഹായിക്കുന്നതിന് സൗകര്യങ്ങൾ ഒരുക്കുക.
- നിയമപരമായ രക്ഷാകർതൃത്വം (ലീഗൽ ഗാർഡിയൻഷിപ്പ്) നൽകുന്നതിന് നടപടി സ്വീകരിക്കുക.
- നിയമപരമായ രക്ഷാകർത്താവിനെ നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുക.
- ഇത്തരം വ്യക്തികളുടെ സ്വത്തിന് സംരക്ഷണം നൽകുക.
- രജിസ്റ്റർ ചെയ്ത സംഘടനകൾ വഴി നാഷണൽ ട്രസ്റ്റിന്റെ വിവിധ സ്കീമുകൾ നടപ്പിലാക്കുക

## നിയമപരമായ രക്ഷാകർതൃത്വം

- കുട്ടിക്ക് 18 വയസ്സാകുന്നതു വരെ എല്ലാ രക്ഷിതാക്കളും അവരുടെ കുട്ടികളുടെ നിയമപരമായ രക്ഷിതാക്കളായിരിക്കും.
- നാഷണൽ ട്രസ്റ്റ് വൈകല്യങ്ങളുള്ള വ്യക്തികൾക്ക് 18 വയസ്സ് കഴിഞ്ഞാലും നിയമപരമായ തീരുമാനങ്ങൾ കൈകൊള്ളുന്നതിന് പ്രാപ്തരാണെന്ന് കരുതുന്നില്ല.
- ഇവരുടെ സ്വത്ത് സംബന്ധമായും മറ്റുമുള്ള കാര്യങ്ങളിൽ ഇവരെ പ്രതിനിധീകരിക്കുന്നതിന് നിയമപരമായ രക്ഷാകർതൃത്വം അനുവദിച്ച് നൽകുന്നു.
- ജില്ലാ കളക്ടർ ചെയർമാനായ നാഷണൽ ട്രസ്റ്റിന്റെ ലോക്കൽ ലെവൽ കമ്മറ്റിക്കാണ് ഇത് നൽകുന്നതിനുള്ള അധികാരം.

## ഭിന്നശേഷി നിയമനം

- PWD Act 1995ൽ നിഷ്ക്കർഷിച്ചിട്ടുള്ളതു പ്രകാരം സർക്കാർ സർവ്വീസിൽ 3% സംവരണം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുന്നു.

- 2677 സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് താൽക്കാലിക അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന സേവനം അനുഷ്ഠിച്ചിട്ടുള്ള 2174 ഭിന്നേശേഷിക്കാർക്ക് സ്ഥിര നിയമനം നൽകിയിട്ടുണ്ട്.
- ആർ.പി.ഡബ്ല്യു.ഡി ആക്ട് 2016 പ്രകാരം 4% സർക്കാർ സർവ്വീസിൽ 4% സംവരണം ഏർപ്പെടുത്തുന്നതിനു നടപടി സ്വീകരിച്ചു വരുന്നു.

## ഭിന്നശേഷിക്കാർക്കുള്ള ദിനാചരണവും സംസ്ഥാന അവാർഡ് വിതരണവും

എല്ലാ വർഷവും ഡിസംബർ 3-ന് ഭിന്നശേഷി ദിനമായി ആചരിച്ചു വരുന്നു.

- ജില്ലാതലത്തിൽ ഭിന്നശേഷിക്കാർക്കായി കായികമേളയും, കലാപരിപാടികളും സംഘടിപ്പിക്കുന്നു.
- കൂടാതെ വകുപ്പു മന്ത്രിയുടെ നേതൃത്വത്തിൽ ഒരു ജില്ലയിൽ സംസ്ഥാന തല ആഘോഷങ്ങൾ സംഘടിപ്പിക്കുന്നു.
- ഭിന്നശേഷി ദിനത്തിൽ സംസ്ഥാന അവാർഡ് വിതരണം ചെയ്യുന്നു.
- മികച്ച ഭിന്നശേഷിയുള്ള ജീവനക്കാർ, ഭിന്നശേഷി മേഖലയിൽ സേവനം നടത്തുന്ന മികച്ച സ്ഥാപനങ്ങൾ, കൂടുതൽ ഭിന്നശേഷിയുള്ളവർക്ക് ജോലി നൽകുന്ന മികച്ച സ്ഥാപനങ്ങൾ എന്നീ മേഖലകളിലാണ് അവാർഡ് നൽകുന്നത്.

## സർക്കാർ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ

സംസ്ഥാനത്ത് തിരുവനന്തപുരത്തും കോഴിക്കോടുമായി ഭിന്നശേഷിക്കാരുടെ രണ്ട് തൊഴിൽ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു.

- ടി സ്ഥാപനങ്ങൾ മുഖേന, ഭിന്നശേഷിക്കാർക്ക് ബുക്ക് ബൈൻഡിംഗ്, ലെതർ വർക്സ്, ഗാർമെന്റ് മേക്കിംഗ് എന്നിവയിൽ പരിശീലനം നൽകി വരുന്നു.
- ഇതോടൊപ്പം കെൽട്രോൺ നടത്തുന്ന ഡി.സി.എ/ഡി.റ്റി.പി കോഴ്സുകളിലും പരിശീലനം നൽകുന്നു.
- സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പരിശീലനാർത്ഥികൾക്ക് സ്റ്റൈപന്റ് അനുവദിക്കുന്നു.

## സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ പദ്ധതി

കേരള സൈക്കോ സോഷ്യൽ റൂൾ 2012 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾക്കാണ് സൈക്കോ സോഷ്യൽ ഗ്രാന്റ്-ഇൻ-എയ്ഡ് നൽകി വരുന്നത്. ഇപ്രകാരം രജിസ്ട്രേഷൻ ഉള്ള സ്ഥാപനങ്ങൾ അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസുകളിൽ ഗ്രാൻ-ഇൻ-എയ്ഡ് ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കേണ്ടതും, ലഭ്യമായ അപേക്ഷകൾ അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ ഉൾപ്പെട്ട ജില്ലാ തല അപ്രൈസൽ കമ്മിറ്റി സ്ഥാപനങ്ങൾ സന്ദർശിച്ച് റിപ്പോർട്ട് തയ്യാറാക്കുകയും, അർഹതയുള്ള സ്ഥാപനങ്ങൾക്ക് ജില്ലാ സാമൂഹ്യനീതി ഓഫീസർ ഗ്രാന്റ്-ഇൻ-എയ്ഡ്-ന് ശുപാർശ ചെയ്ത് സാമൂഹ്യനീതി ഡയറക്ടറേറ്റിൽ പ്രസ്തുത അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. നിലവിൽ 29 എൻ.ജി.ഒകൾക്ക് ഈ പദ്ധതി പ്രകാരമുള്ള ഗ്രാൻ-ഇൻ-എയ്ഡ് ലഭിക്കുന്നുണ്ട്.

## ഭിന്നശേഷിക്കാർക്കുള്ള സർക്കാർ സ്ഥാപനങ്ങൾ

**ആശാഭവൻ (6 എണ്ണം)**

മാനസിക രോഗ മുക്തരും സംരക്ഷിക്കുവാൻ ആരുമില്ലാത്തവർക്കും വേണ്ടിയുള്ളത്. സ്ത്രീകൾക്കും പുരുഷൻമാർക്കും വെവ്വേറെ സ്ഥാപനങ്ങൾ.

**പ്രത്യാശാ ഭവൻ (1 എണ്ണം)**

ബുദ്ധി വൈകല്യമുള്ള പ്രായപൂർത്തിയായ സ്ത്രീകളെ സംരക്ഷിക്കുന്നു.

**പ്രതീക്ഷാ ഭവൻ (1 എണ്ണം)**

ബുദ്ധി വൈകല്യമുള്ള പ്രായപൂർത്തിയായ പുരുഷൻമാരെ സംരക്ഷിക്കുന്നു.

**ഹോം ഫോർ മെന്റലി ചലഞ്ച്ഡ് ചിൽഡ്രൻ (1)**

ബുദ്ധിമാന്ദ്യമുള്ള 4-നും 16-നും ഇടയിൽ പ്രായമുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകി സംരക്ഷിക്കുന്നതിനായി കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്ന സ്ഥാപനം.

**ഭിന്നശേഷി സദനങ്ങൾ (3 എണ്ണം)**

ഭിന്നശേഷിയുള്ളവരെ സംരക്ഷിക്കുന്നതിനായിട്ടുള്ള സ്ഥാപനം. സ്ത്രീകൾക്കും പുരുഷൻമാർക്കും വെവ്വേറെ സ്ഥാപനം.

**ഭിന്നശേഷിക്കാരായ കുട്ടികളുടെ സദനം (1 എണ്ണം)**

ഭിന്നശേഷിയുള്ള കുട്ടികളെ സംരക്ഷിക്കുന്നതിനും, ഇവർക്ക് വിദ്യാഭ്യാസം, വൈദ്യ സഹായം എന്നിവ നൽകുന്നതിനുമായി പ്രവർത്തിക്കുന്ന സ്ഥാപനം.

## സർക്കാർ സഹായം എൻ.ജി.ഒ.കൾ/ മറ്റു ഏജൻസികൾ മുഖേന

ഭിന്നശേഷി മേഖലയിൽ ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്ന സർക്കാർ അംഗീകാര മുള്ള സർക്കാരിതര സ്ഥാപനങ്ങൾക്കും, ഏജൻസികൾക്കും സാമ്പത്തിക സഹായം നൽകുന്നു.

- ഇന്റർനെറ്റ് ടെക്നോളജി സംവിധാനം ഉപയോഗപ്പെടുത്തി ഭിന്നശേഷിക്കാരുടെ മാതാപിതാക്കൾക്ക്/രക്ഷകർത്താക്കൾക്ക് പരിശീലനവും അവബോധവും നൽകുന്നത് നിഡാസ് പ്രോജക്ട് നിഷ് മുഖേന നടപ്പിലാക്കുന്നു.
- വിവര സാങ്കേതിക വിദ്യയിലൂടെ ഭിന്നശേഷിക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിന്, കമ്പ്യൂട്ടർ പരിശീലനം, കൂടാതെ തൊഴിൽ പരിശീലനം, ഒക്കുപേഷണൽ തെറാപ്പി എന്നിവ നൽകുന്നതിന് വിവിധ എൻ.ജി.ഒ.കൾക്ക് ധനസഹായം നൽകുന്നു.
- വയനാട് ജില്ലയിലെ ആദിവാസി വിഭാഗങ്ങളുടെ മാനസികാരോഗ്യ പരിപാലനത്തിനായി കോഴിക്കോട് ഇംഹാൻസ് മുഖേന Mobile Mental Health Care പ്രോജക്ട് നടപ്പിലാക്കുന്നു.
- മാനസിക രോഗ ബാധിതർക്കായി കോഴിക്കോട് ഇംഹാൻസ് മുഖേനയും മാനസിക വെല്ലുവിളി നേരിടുന്നവർക്കായി ആദർശ് ചാരിറ്റബിൾ ട്രസ്റ്റ് എറണാകുളം, ഫെയ്ത്ത് ഇന്ത്യ പാലക്കാട് എന്നിവ മുഖേനയും ഡെ കെയർ സെന്ററുകൾ നടപ്പാക്കുന്നു.

- ബുദ്ധി വികാസ വൈകല്യം നേരിടുന്നതിനായി നേരത്തെയുള്ള ഇടപെടൽ, ചികിത്സ, പുനരധിവാസം, തൊഴിൽ പരിശീലനം, ബോധവൽക്കരണം എന്നിവയ്ക്കായി കാലിക്കറ്റ് സർവ്വകലാശാല സൈക്കോളജി വിഭാഗം CDMRP എന്ന പദ്ധതി നടപ്പിലാക്കുന്നു.
- തിരുവനന്തപുരം ജില്ലയിലെ തെരഞ്ഞെടുത്ത 27 സ്കൂളുകളിലെ എപ്പിലെപ്സി (അപസ്മാരം) ബാധിതരായ 10–18 വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് എപ്പിലെപ്സി കെയർ, വിദഗ്ധ പരിചരണം, ബോധവൽക്കരണം എന്നിവ നൽകുന്ന പദ്ധതിയാണ് 'Growing Beyond Barriers Epilepsy Care through Schools". ശ്രീ. ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് & ടെക്നോളജി മുഖേനയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.
- കുട്ടികളിലെ പഠന വൈകല്യം, Attention Deficit, Hyper Activity Disorder എന്നിവ മുൻകൂറായി കണ്ടെത്തി ഉചിതമായ ചികിത്സാ മാർഗ്ഗങ്ങളിലൂടെ ഇത്തരം വൈകല്യങ്ങളെ മറികടന്ന് വിദ്യാഭ്യാസത്തിലൂടെ പുതുതലമുറയെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിനായി കാലിക്കറ്റ് യൂണിവേഴ്സിറ്റി സൈക്കോളജി വിഭാഗത്തിന്റെ സഹകരണത്തോടെ മലപ്പുറം ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് 'Early Identification and community Based Intervention Programme for Children with Hearing Disability and ADHD". ജില്ലയിലെ ഗവൺമെന്റ് & എയ്ഡഡ് അപ്പർ പ്രൈമറി സ്കൂളുകളിലെ പ്രസ്തുത വൈകല്യ ബാധിതരായ കുട്ടികൾക്ക് പദ്ധതിയിലൂടെ സേവനം ലഭിക്കുന്നു.
- കോഴിക്കോട്, മലപ്പുറം ജില്ലകളിലെ വകുപ്പിനു കീഴിലെ ക്ഷേമ സ്ഥാപനങ്ങളിലെ താമസക്കാർക്ക് കൗൺസിലിംഗ് നൽകുന്ന District Psychiatric Rehabilitation Project (DPRP) കോഴിക്കോട് IMHANS മുഖേന നടപ്പിലാക്കുന്നു.
- മുച്ചിറി, മുറി അണ്ണാക്ക് എന്നീ മുഖ വൈകല്യത്തോടു കൂടി ജനിക്കുന്ന കുട്ടികൾക്ക് പത്തനംതിട്ട സെന്റ് തോമസ് മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ സൗജന്യ ശസ്ത്രക്രിയ നടത്തുന്നു. ഇത്തരം കുട്ടികളെ കണ്ടെത്തുന്നതിനും, ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും, ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന കുട്ടികളെ അനുഗമിക്കുന്ന ബൈസ്റ്റാൻഡേഴ്സിന് യാത്രാ ചെലവ് നൽകുന്നതിനും വകുപ്പ് ധനസഹായം നൽകി വരുന്നു.
- മാനസിക വെല്ലുവിളി നേരിടുന്നവർക്ക് Corrective Surgery നടത്തുന്നതിനും അംഗപരിമിതരെ മുഖ്യധാരയിലേയ്ക്ക് കൊണ്ടു വരുന്നതിനായി മറ്റ് ക്ഷേമ പരിപാടികൾ സംഘടിപ്പിക്കുന്നതിനുമായി VKM ട്രസ്റ്റ് മുഖേന 'മൊബിലിറ്റി മിഷൻ' എന്ന പദ്ധതി നടപ്പാക്കുന്നു.
- വീൽ ചെയറിൽ കഴിയുന്നവർക്ക് വീട്ടിലിരുന്ന് സ്വയം തൊഴിൽ ചെയ്ത് വരുമാനം കണ്ടെത്തുന്നതിനായി All Kerala Wheel Chair Rights Federation എന്ന സംഘടനയ്ക്ക് ധനസഹായം അനുവദിക്കുന്നു.
- ഭിന്നശേഷിക്കാരുടെ സാമൂഹ്യാധിഷ്ഠിത സഹവാസം ഉറപ്പാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ബാംഗ്ലൂർ ആസ്ഥാനമായുള്ള നിംഹാൻസിന്റെ സാങ്കേതിക സഹായത്തോടെ കോഴിക്കോട് ജില്ലയിൽ പൈലറ്റടിസ്ഥാനത്തിൽ "കമ്മ്യൂണിറ്റി ബേസ്ഡ് അസിസ്റ്റഡ് ലിവിങ്ങ് പദ്ധതി" നടപ്പാക്കുന്നു.



# കേന്ദ്ര സർക്കാർ പദ്ധതികൾ

## ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതികൾ

PWD Act 1995, RPWD Act 2016 എന്നിവയുടെ അടിസ്ഥാനത്തിൽ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളെ വിദ്യാഭ്യാസത്തിലൂടെ ശാക്തീകരിക്കുന്നതിനും ജീവിതം കെട്ടുറപ്പോടുകൂടി പടുത്തുയർത്തുന്നതിനും സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൈപിടിച്ച് കയറ്റുന്നതിനുമായി കേന്ദ്ര സർക്കാർ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് വിവിധ സ്കോളർഷിപ്പ് നൽകി വരുന്നു.

### പ്രീ-മെട്രിക് സ്കോളർഷിപ്പ്

9, 10 എന്നീ ക്ലാസ്സുകളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നു.

1. സർക്കാർ/സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിലോ, കേന്ദ്ര/ സംസ്ഥാന സെക്കണ്ടറി വിദ്യാഭ്യാസ ബോർഡിന്റെയോ പരിധിയിൽ പഠിക്കുന്നവരായിരിക്കണം.

2. സ്കോളർഷിപ്പ് തുക ചുവടെ ചേർക്കുന്നു.

| | ദിവസ വിദ്യാർത്ഥികൾക്ക് | ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് |
|---|---|---|
| മെയിന്റനൻസ് അലവൻസ് | 500 x 12 | 800 x 12 |
| ബുക്ക് ഗ്രാന്റ് | 1000/വർഷം | |

ഡിസെബിലിറ്റി അലവൻസ്

| വൈകല്യത്തിന്റെ തരം | തുക |
|---|---|
| കാഴ്ച പരിമിതി | 4000/ |
| കേൾവി പരിമിതി | 2000/ |
| ശാരീരിക വൈകല്യം (OH) | 2000/ |
| ബുദ്ധി വൈകല്യം | 4000/ |
| മുകളിൽ പറഞ്ഞിട്ടില്ലാത്ത മറ്റെല്ലാ വൈകല്യങ്ങളും | 2000/ |

3. www.scholaships.gov.in എന്ന നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ അപേക്ഷ സമർപ്പിക്കണം.

4. ഫോട്ടോ, വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വൈകല്യ സർട്ടിഫിക്കറ്റ്, രക്ഷകർത്താവിന്റെ വരുമാന സർട്ടിഫിക്കറ്റ്, ട്യൂഷൻ ഫീസ് രസീത്, അവസാന അദ്ധ്യയന വർഷത്തിലെ യോഗ്യതാ സർട്ടിഫിക്കറ്റ് എന്നിവ നിർദ്ദിഷ്ട അപേക്ഷ ഫോറത്തിൽ പൂരിപ്പിച്ച് ഓൺലൈൻ വഴി അപ് ലോഡ് ചെയ്യേണ്ടതാണ്.

5. അപേക്ഷകൻ പഠിക്കുന്ന സ്ഥാപനം നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടതും അപേക്ഷകരുടെ വിവരങ്ങൾ പരിശോധിക്കേണ്ടതുമാണ്.

6. സ്കോളർഷിപ്പ് ബാങ്ക് അക്കൗണ്ട് മുഖേന ലഭിക്കുന്നതാണ്.

## പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്

XI, XII, പോസ്റ്റ് മട്രിക്കുലേഷൻ ഡിപ്ലോമ/സർട്ടിഫിക്കറ്റ്സ്, ബാച്ചിലേഴ്സ് ഡിഗ്രി, ഇന്ത്യൻ ഡിപ്ലോമ, മാസ്റ്റേഴ്സ് ഡിഗ്രി, UGC/AICTE എന്നീ അംഗീകൃത സർവ്വകലാശാലകളിൽ നിന്നുള്ള ഡിപ്ലോമ എന്നീ കോഴ്സുകൾക്കു പഠിക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കു നൽകുന്നു.

- കറസ്പോണ്ടൻസ് കോഴ്സിനു (distant and continuing education) പഠിക്കുന്നവർക്കും അപേക്ഷിക്കാം.
- സ്കോളർഷിപ്പ് തുക ചുവടെ ചേർക്കുന്നു.

| | | ദിവസ വിദ്യാർത്ഥികൾക്ക് | ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് |
|---|---|---|---|
| 1. മെയിന്റനൻസ് അലവൻസ് | Group I | 1600 | 750 |
| | Group II | 1100 | 700 |
| | Group III | 950 | 650 |
| | Group IV | 900 | 550 |

2. ഡിസെബിലിറ്റി അലവൻസ്

| *വൈകല്യത്തിന്റെ തരം* | *തുക* |
|---|---|
| കാഴ്ച പരിമിതി | 4000/ |
| കേൾവി പരിമിതി | 2000/ |
| ശാരീരിക വൈകല്യം (OH) | 2000/ |
| ബുദ്ധി വൈകല്യം | 4000/ |
| മുകളിൽ പറഞ്ഞിട്ടില്ലാത്ത മറ്റെല്ലാ വൈകല്യങ്ങളും | 2000/ |

3. അപേക്ഷകന് രജിസ്ട്രേഷൻ/എൻറോൾമെന്റ്, ട്യൂഷൻ, ഗെയിംസ്, യൂണിയൻ, ലൈബ്രറി, മാഗസീൻ, മെഡിക്കൽ പരിശോധന തുടങ്ങി നിർബന്ധമായും സർവ്വകലാശാല/ബോർഡിൽ അടയ്ക്കേണ്ട തുക ഒരു വർഷം പരമാവധി 1.50 ലക്ഷം അനുവദിക്കുന്നു.

4. ബുക്ക് അലവൻസ് 1500/വർഷം

5. www.scholaships.gov.in എന്ന നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ അപേക്ഷ സമർപ്പിക്കണം.

6. ഫോട്ടോ, വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വൈകല്യ സർട്ടിഫിക്കറ്റ്,

രക്ഷകർത്താവിന്റെ വരുമാന സർട്ടിഫിക്കറ്റ്, ട്യൂഷൻ ഫീസ് രസീത്, അവസാന അദ്ധ്യയന വർഷത്തിലെ യോഗ്യതാ സർട്ടിഫിക്കറ്റ് എന്നിവ നിർദ്ദിഷ്ട അപേക്ഷ ഫോറത്തിൽ പൂരിപ്പിച്ച് ഓൺലൈൻ വഴി അപ് ലോഡ് ചെയ്യേണ്ടതാണ്.

## ടോപ് ക്ലാസ്സ് എഡ്യൂക്കേഷൻ

ഡിഗ്രി, പി.ജി, ഡിപ്ലോമ (കേന്ദ്ര സർക്കാർ ഭിന്നശേഷി വകുപ്പ് കണ്ടെത്തിയിട്ടുള്ള വിദ്യാഭ്യാസ രംഗത്ത് ഉയർന്ന നിലവാരം ഉള്ള സ്ഥാപനങ്ങളിൽ നിന്നും) എന്നീ കോഴ്സുകൾക്ക് പഠിക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് നൽകുന്നു.

എല്ലാ വർഷവും നൽകുന്ന സ്കോളർഷിപ്പിന്റെ 50% പെൺകുട്ടികൾക്കായി മാറ്റി വച്ചിട്ടുണ്ട്. അർഹരായ പെൺകുട്ടികൾ ഇല്ലാത്ത പക്ഷം അർഹരായ ആൺകുട്ടികൾക്ക് അനുവദിക്കുന്നു.

സ്കോളർഷിപ്പ് തുക

| *Components of Scholarship* | *Rate per awardee* |
|---|---|
| സ്ഥാപനത്തിൽ അടയ്ക്കുന്ന ട്യൂഷൻ ഫീസ്, തിരിച്ച് കിട്ടാത്ത മറ്റെല്ലാ ഫീസുകളും റീഇംബേഴ്സ്മെന്റായി നൽകുന്നു. | പരമാവധി 2 ലക്ഷം രൂപ വരെ/ വർഷം (അല്ലെങ്കിൽ ചെലവായ തുക അനുവദിക്കുന്നു) |
| മെയിന്റനൻസ് അലവൻസ് | ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് മാസം 3000/ രൂപ വീതം ദിവസ വിദ്യാർത്ഥി കൾക്ക് മാസം 1500/ രൂപ വീതം |
| സ്പെഷ്യൽ അലവൻസ് (റീഡർ അലവൻസ്, എസ്കോട്ട് അലവൻസ്, ഹെൽപ്പർ അലവൻസ്) | പ്രതിമാസം 2000/ രൂപ വീതം |
| ബുക്ക് സ്റ്റേഷനറി | 5000/വർഷം |
| കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | 30,000/ (ഒറ്റത്തവണ ഗ്രാന്റ് മുഴുവൻ കോഴ്സിനും) |
| തെരഞ്ഞെടുത്ത വിദ്യാർത്ഥികൾക്ക് സഹായ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം | 30,000/ |

## സഹായ ഉപകരണങ്ങൾ

**അന്ധ/കാഴ്ച പരിമിതി**

- ബ്രയലി/ബ്രയലർ ടൈപ്പ് റൈറ്റർ
- സ്ക്രീൻ റീഡിംഗ് സോഫ്റ്റ് വെയർ ലാപ്ടോപ്പ്
- സ്ക്രീൻ മാഗ്നിഫിക്കേഷൻ സോഫ്റ്റ് വെയർ ലാപ്ടോപ്പ്
- Talk സോഫ്റ്റ് വെയറുള്ള മൊബൈൽ ഫോൺ
- DAISY റെക്കോഡർ & പ്ലേയർ

**കേൾവി വൈകല്യം**

- ബട്ടൺ സെൽസ് ഉള്ള ബിനൗറൽ ഡിജിറ്റൽ പ്രോഗ്രാമബിൾ ഹിയറിംഗ് എയ്ഡ്

- SMS സിം കാർഡുള്ള സെൽഫോൺ
- WiFi (Bluetooth) സൗകര്യമുള്ള ലാപ്ടോപ്.

## നാഷണൽ ഫെല്ലോഷിപ്പ്

ഇന്ത്യൻ യൂണിവേഴ്സിറ്റി/യു.ജി.സി സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ M.Phil/PHD ചെയ്യുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് അനുവദിക്കുന്നു.

- ബിരുദാനന്തര ബിരുദ കോഴ്സ് വിജയിച്ചിട്ടുള്ള ഭിന്നശേഷിക്കാരായവർക്ക് അപേക്ഷിക്കാം.
- ഒരു മാസത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കണം.
- യു.ജി.സിയുടെ പോർട്ടലിൽ ഓൺലൈൻ ആയി അപേക്ഷിക്കണം.

**ഫെല്ലോഷിപ്പിന്റെ കാലാവധി (ധനസഹായം അനുവദിക്കുന്നതിന്)**

| *കോഴ്സ്* | *പരമാവധി കാലാവധി* | *JRFനും SRFനും ഉള്ള കാലാവധി* | |
|---|---|---|---|
| | | *JRF* | *SRF* |
| M.Phil | 2 വർഷം | 2 വർഷം | NIL |
| Ph.D. | 5 വർഷം | 2 വർഷം | ബാക്കി 3 വർഷം |
| M.Phil + Ph.D | 5 വർഷം | 2 വർഷം | ബാക്കി 3 വർഷം |

**ഫെല്ലോഷിപ്പ് തുക**

| | |
|---|---|
| Fellowship | JRF ആദ്യ 2 വർഷം 5000/ രൂപ/മാസം<br>SRF-ന് 28,000/ രൂപ/മാസം |
| ഹ്യുമാനിറ്റീസ്, സോഷ്യൽ സയൻസ് എന്നിവയ്ക്കായുള്ള കണ്ടിജൻസി തുക (Arts/Fine Arts ഉൾപ്പെടെ) | വർഷം 10,000/ രൂപ വീതം ആദ്യ 2 വർഷം ബാക്കി കാലയളവിലേയ്ക്ക് 20,500/ രൂപ വീതം |
| സയൻസ്, എഞ്ചിനീയറിംഗ് & ടെക്നോളജി എന്നിവയ്ക്കായുള്ള കണ്ടിജൻസി തുക | ആദ്യ 2 വർഷം 12,000/ രൂപ വീതം ബാക്കി കാലാവധി 25,000/ രൂപ വീതം |
| വകുപ്പുതല സഹായം (എല്ലാ വിഷയങ്ങൾക്കും) | വർഷം 3000/ രൂപ വീതം |
| എസ്കോർട്ട്/റീഡർ അസിസ്റ്റൻസ് (എല്ലാ വിഷയങ്ങൾക്കും) | ശാരീരികവും കാഴ്ചപരവുമായ വൈകല്യ ബാധിതർക്ക് മാസം തോറും 2000/ രൂപ വീതം |

## നാഷണൽ ഓവർസീസ് സ്കോളർഷിപ്പ്

എഞ്ചിനീയറിംഗ് & മാനേജ്മെന്റ്, സയൻസ് & അപ്ലയ്ഡ് സയൻസ്, അഗ്രികൾച്ചറൽ സയൻസ് & മെഡിസിൻ, കൊമേഴ്സ്, അക്കൗണ്ടിംഗ് & ഫിനാൻസ്, ഹ്യുമാനിറ്റീസ്, സോഷ്യൽ സയൻസ് (law and fine arts) തുടങ്ങിയ വിഷയങ്ങളിൻമേൽ വിദേശ യൂണിവേഴ്സിറ്റികളിൽ പഠിക്കുന്നതിനായുള്ള ധനസഹായം.

- അവസാന മാസ്റ്റർ ഡിഗ്രിയ്ക്ക് ഫസ്റ്റ് ക്ലാസ്സ്/55% മാർക്ക് നേടിയിരിക്കണം. (Ph.D.)
- ഡിഗ്രി കോഴ്സിന് 55% മാർക്ക്/തുല്യമായ ഗ്രേഡ് നേടിയിരിക്കണം.
- സ്കോളർഷിപ്പിനായി പരസ്യം കൊടുക്കുന്ന മാസത്തിന്റെ ആദ്യ ദിവസം 35 വയസ്സിനു താഴെയായിരിക്കണം.

- വാർഷിക വരുമാനം 6 ലക്ഷം രൂപയിൽ കൂടാൻ പാടില്ല.
- ധനസഹായം ഒറ്റത്തവണ മാത്രമേ അനുവദിക്കുകയുള്ളു.
- www.disabilityaffairs.gov.in എന്ന വെബ്സൈറ്റിൽ നിന്നും അപേക്ഷ ഡൗൺലോഡ് ചെയ്യാവുന്നതാണ്.

**സ്കോളർഷിപ്പ് തുക**

- യു.കെ ഒഴികെ മറ്റെല്ലാ രാജ്യങ്ങളിലും പഠിക്കുന്നതിന് വാർഷിക മെയിന്റനൻസ് അലവൻസായി 15,400/ (US Dollars fifteen thousand)
- വാർഷിക മെയിന്റനൻസ് അലവൻസ് (for U.K. only) GBP 9900) Great Britain pound nine thousand nine hundred)

**വാർഷിക കണ്ടിജൻസി അലവൻസ്**

യു.കെ ഒഴികെ മല്ലെല്ലാ രാജ്യങ്ങൾക്കും വർഷം 1500/ അമേരിക്കൻ ഡോളർ ബുക്ക്/ അത്യാവശ്യ പഠനോപകരണങ്ങൾ/പഠനയാത്ര/വിഷയവുമായി ബന്ധപ്പെട്ട കോൺഫറൻസ് വർക്ക് ഷോപ്പ് എന്നിവ പങ്കെടുക്കുന്നതിന്/1500/യു.സ്. ഡോളർ അനുവദിക്കുന്നു.

**U K**

- വർഷം 1100/(GBP പൗണ്ട്) ബുക്ക്/ അത്യാവശ്യ പഠനോപകരണങ്ങൾ/ പഠനയാത്ര/വിഷയവുമായി ബന്ധപ്പെട്ട കോൺഫറൻസ് വർക്ക് ഷോപ്പ് എന്നിവ പങ്കെടുക്കുന്നതിന് 1100 GBP പൗണ്ട് അനുവദിക്കുന്നു.
- Typing and binding of thesis എന്നിവയ്ക്കായി അനുവദിക്കുന്നു.
- എക്യുപ്മെന്റ് അലവൻസ് 1500/
- പോൾ ടാക്സ്, വിസ ഫീസ്, ട്യൂഷൻ ഫീസ്, മെഡിക്കൽ ഇൻഷുറൻസ് പ്രീമിയം എന്നിവയ്ക്ക് ചെലവായ തുക അനുവദിക്കുന്നു.

## സൗജന്യ കോച്ചിംഗ് ക്ലാസ്സ്

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ 40%ഉം അതിൽ കൂടുതലും വൈകല്യ ബാധിതരായ കുട്ടികളെ സർക്കാർ/പൊതുമേഖലാ/സ്വകാര്യ മേഖലാ സ്ഥാപനങ്ങളിൽ ജോലി നേടുന്നതിനും ടെക്നിക്കൽ & പ്രൊഫഷണൽ കോഴ്സുകൾക്ക് അഡ്മിഷൻ നേടുന്നതിനുമായുളള മത്സര പരീക്ഷകൾ എഴുതുന്നതിനായി സൗജന്യ പരിശീലനം നൽകുന്നു.

- UPSC, SSC, RRB എന്നിവ നടത്തുന്ന ഗ്രൂപ്പ് എ & ബി തസ്തികകളിലേയ്ക്കുള്ള പരീക്ഷ.
- സംസ്ഥാന PCS നടത്തുന്ന അതാത് സംസ്ഥാനത്തേയ്ക്കുള്ള ഗ്രൂപ്പ് എ & ബി തസ്തികകളിലേയ്ക്കുള്ള പരീക്ഷ.
- ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബാങ്കിംഗ് പേഴ്സണൽ സെലക്ഷൻ (IBPS), ദേശസാൽകൃത ബാങ്കുകൾ, സർക്കാർ ഇൻഷുറൻസ് കമ്പനികൾ, പൊതു മേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ഓഫീസർ ലെവൽ തസ്തികകളിലേയ്ക്കുള്ള പരീക്ഷ.
- എഞ്ചിനീയർ (ഉദാ-IIT-JEE), മെഡിക്കൽ (ഉദാ-NEET), പ്രൊഫഷണൽ കോഴ്സുകൾ (ഉദാ-CAT), നിയമം (CLAT) എന്നീ കോഴ്സുകളി ലേയ്ക്കുള്ള മത്സര പരീക്ഷകൾ
- കുടുംബ വാർഷിക വരുമാനം 6 ലക്ഷം രൂപയിൽ അധികരിക്കരുത്.

**സ്റ്റൈഫൻഡ്**

| | |
|---|---|
| Local students | 2500/- |
| Out station students | 5000/- |
| Special Allowance | 2000/- (reader, helper & escort allowance etc) |

# SIPDA SCHEME

RPWD ആക്ടിന്റെ വിവിധ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഒന്നിലധികം മേഖലകളെ സഹകരിപ്പിച്ച് കൊണ്ടുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ഇംപ്ലിമെന്റിംഗ് ഏജൻസികൾക്ക് സഹായം നൽകുന്ന കേന്ദ്രസർക്കാർ പദ്ധതിയാണ് 'SIPDA'' (Scheme for implementation of Rights of perosns with Disabilities Act)

## SIPDA പദ്ധതി നടപ്പിലാക്കുന്ന സ്ഥാപനങ്ങൾ

കേന്ദ്ര സർക്കാർ പദ്ധതി നിർവ്വഹണ ഏജൻസികൾക്ക് നേരിട്ട് തുക (ഗ്രാന്റ്-ഇൻ-എയ്ഡ്) അനുവദിക്കുന്നു.

1. സംസ്ഥാന സർക്കാർ വകുപ്പുകൾ/ കേന്ദ്രഭരണ പ്രദേശങ്ങൾ
2. സ്വയംഭരണ സ്ഥാപനങ്ങൾ/ സ്റ്റാറ്റ്യൂട്ടറി ബോഡീസ് / കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ / സംസ്ഥാന സർക്കാർ / കേന്ദ്ര, സംസ്ഥാന യൂണിവേഴ്സിറ്റികൾ
3. ദേശീയ സ്ഥാപനങ്ങൾ / കോപോസൈറ്റ് റീജിയണൽ സെന്ററുകൾ (CRCs) ജില്ലാ വൈകല്യ പുനരധിവാസ കേന്ദ്രങ്ങൾ (DDRCs) / റീജിയണൽ സെന്ററുകൾ (RCs) / ഔട്ട് റീച്ച് സെന്റേഴ്സ് (MSJ & E)
4. സൊസൈറ്റീസ് ആക്ട് 1860, ഇന്ത്യൻ ട്രസ്റ്റ് ആക്ട് 1882, കംപനീസ് ആക്ട് 1956 എന്നിവ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സംഘടനകൾ.
5. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ അംഗീകാരത്തോടു കൂടി പ്രവർത്തിക്കുന്ന കായിക സംഘടനകൾ.

## നൈപുണ്യ വികസനം

40% ഉം അതിൽ കൂടുതലും വൈകല്യം ബാധിച്ച ഭിന്നശേഷിക്കാരെ സ്വയം പര്യാപ്തരാക്കുന്നതിന് ഇവരിലുള്ള കഴിവുകളെ കണ്ടെത്തി പരിശീലനം നൽകുന്ന ഒരു പദ്ധതിയാണ് നൈപുണ്യ വികസനം. ഈ പദ്ധതി പ്രകാരം സ്വകാര്യ പരിശീലന കേന്ദ്രങ്ങൾ, പൊതുമേഖല / സർക്കാർ മേഖലാ പരിശീലന കേന്ദ്രങ്ങൾ (VRCs) എന്നിവിടങ്ങളിൽ നിന്നും തൊഴിൽപരമായ/ കഴിവിന് അനുസരിച്ചുള്ള പരിശീലനം ഭിന്നശേഷിക്കാർക്ക് നൽകുന്നു.

**പരിശീലനം നേടുന്നതിനുള്ള യോഗ്യതകൾ**

1. ഇന്ത്യൻ പൗരൻ ആയിരിക്കണം
2. മെഡിക്കൽ ബോർഡ് / അതോറിറ്റി നൽകുന്ന ഡിസെബിലിറ്റി സർട്ടി ഫിക്കറ്റ് (വൈകല്യതോത് 40% ഉം കൂടുതലും) (RPWD Act 2016, നാഷണൽ ട്രസ്റ്റ് ആക്ട് 1999, നിലവിലുള്ള നിയമ വ്യവസ്ഥകൾ പ്രകാര മുള്ള വൈകല്യങ്ങൾ) എന്നിവയിൽ കീഴിലുള്ള വൈകല്യബാധിതർക്ക് അപേക്ഷിക്കാം.
3. അപേക്ഷകൻ / അപേക്ഷകയുടെ പ്രായം 15 വയസ്സിനും 59 വയസ്സിനും ഇടയിലായിരിക്കണം.

4. അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതിക്കു 2 വർഷം മുമ്പ് വരെ അപേക്ഷകൻ /അപേക്ഷക കേന്ദ്ര സർക്കാർ Skill Training നേടിയ ആളാകാൻ പാടില്ല.

""Expression of Interest" ക്ഷണിച്ച് യോഗ്യതയുള്ള സ്ഥാപനങ്ങളെ DEPWD ജോയിന്റ് സെക്രട്ടറി ചെയർപേഴ്സണായുള്ള കമ്മിറ്റി പരിശോധിച്ച് Training Partner ആയി കണ്ടെത്തുന്നു. പ്രസ്തുത സ്ഥാപനങ്ങൾ മുഖേന യോഗ്യരായ ഭിന്നശേഷിക്കാർക്ക് പരിശീലനം നൽകുന്നു.

## ആക്സസിബിൾ ഇന്ത്യ കാമ്പയിൻ

ഭിന്നശേഷിക്കാരായവർക്ക് പൊതു കെട്ടിടങ്ങൾ, റോഡുകൾ, യാത്രാ സൗകര്യങ്ങൾ, സ്കൂളുകൾ, വീടുകൾ, ആശുപത്രികൾ, ജോലിസ്ഥലങ്ങൾ എന്നിവിടങ്ങളിൽ പരസഹായമില്ലാതെ സ്വതന്ത്രമായി സഞ്ചരിക്കാവുന്ന തരത്തിൽ അംഗപരിമിത സൗഹൃദമാക്കുന്ന പദ്ധതിയാണ് ആക്സസിബിൾ ഇന്ത്യാ കാമ്പയിൻ.

RPWD Act 2016 Sec. 40 പ്രകാരം സാധാരണ ജനങ്ങൾ അനുഭവിക്കുന്നതുപോലുള്ള ഭൗതിക സാഹചര്യങ്ങൾ, യാത്രാ സൗകര്യങ്ങൾ, വാർത്താവിനിമയ സംവിധാനങ്ങൾ എന്നിവ ഭിന്നശേഷിക്കാർക്കും പ്രാപ്യമായ തരത്തിൽ സജ്ജീകരിക്കുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം.

## അറിവ് ഉണ്ടാക്കലും പരസ്യം നൽകലും

ഭിന്നശേഷിക്കാരുടെ സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസപരമായ ശാക്തീകരണം ലക്ഷ്യമിട്ടുകൊണ്ട് കേന്ദ്ര / സംസ്ഥാന സർക്കാരുകൾ / DEPWDs നടപ്പിലാക്കുന്ന പദ്ധതികൾ പരിപാടികൾ എന്നിവയ്ക്ക് ഇലക്ട്രോണിക്, പ്രിന്റ്, ഫിലിം മീഡിയ, മൾട്ടി മീഡിയ തുടങ്ങിയ സംവിധാനങ്ങളിലൂടെ വ്യാപക പരസ്യം നൽകുന്ന പദ്ധതി.

ഭിന്നശേഷിക്കാർക്ക് ജീവിതത്തിന്റെ എല്ലാ മേഖലയിലും തുല്യ അവസരം, നീതി, സാമൂഹ്യ നീതി എന്നിവ ലഭിക്കുന്നതിനും നിയമപരമായ എല്ലാ അവകാശങ്ങളും ഉറപ്പു വരുത്തുന്നതിനും ബോധവത്കരണവും പ്രചാരണങ്ങളും (Awareness & Advertisement) എന്ന പദ്ധതിയിലൂടെ സാധിക്കുന്നു.

- സാമൂഹ്യമാധ്യമങ്ങളിലൂടെ ബോധവത്ക്കരണം നൽകുന്നു.
- സെമിനാറുകൾ വർക്ഷോപ്പുകൾ, സാംസ്ക്കാരിക പരിപാടികൾ, എക്സിബിഷൻ തുടങ്ങിയവ സർക്കാർ നേരിട്ടോ സാമൂഹിക പ്രവർത്തനങ്ങളിൽ സജ്ജീവമായ സംഘടനകൾ * സ്ഥാപനങ്ങൾ എന്നിവ മുഖേന നടപ്പിലാക്കുന്നു.
- ഭിന്നശേഷി മേഖലയിലെ വ്യക്തിഗത കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നു.
- സാമൂഹിക നന്മ, സമുദായക്ഷേമം എന്നിവ ലക്ഷ്യമിട്ടു പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങൾ, രക്ഷകർതൃ സംഘടനകൾ എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകുന്നു.

## വൈകല്യവുമായി ബന്ധപ്പെട്ട് SIPDA സ്കീമിന്റെ പരിധിയിൽ വരുന്ന സാങ്കേതിക വിദ്യ, ഉത്പ്പന്നങ്ങൾ, ഇവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ

ഭിന്നശേഷിക്കാരുടെയും അവരുടെ കുടുംബത്തിന്റെയും സമഗ്രമായ വികസനം, ശാക്തീകരണം എന്നിവ ലക്ഷ്യമാക്കി ജീവിതത്തിൽ ഇത്തരക്കാർക്ക് ആവശ്യമായ തൊഴിൽ പരിശീലനം, വിദ്യാഭ്യാസം, ജോലി, സമൂഹത്തിൽ പൂർണ്ണമായ പങ്കാളിത്തം,

പൊതു അറിവ് എന്നിവ ലഭ്യമാക്കുന്ന തരത്തിൽ ഗവേഷണം നടത്തുന്ന സേവന മാതൃകകൾ, പരിപാടികൾ എന്നിവ പ്രചരിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം. കേന്ദ്ര സർക്കാർ ഭിന്നശേഷി ശാക്തീകരണ വകുപ്പാണ് ഈ പദ്ധതിയുടെ ഇംപ്ലിമെന്റിംഗ് ഏജൻസി.

ഭിന്നശേഷി മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ചുള്ള പഠനം / സർവ്വേ എന്നിവ നടപ്പിലാക്കുന്നു.

- ഭിന്നശേഷിക്കാരുടെ പുനരധിവാസം, വിദ്യാഭ്യാസം എന്നിവയ്ക്കായി ഉൽപ്പാദന വികസന ഉപാധികൾ, സഹായ സാങ്കേതിക വിദ്യ എന്നിവയുടെ ഗവേഷണവും വികസനവും ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നു.
- ലഭ്യമാകുന്ന പ്രൊപ്പോസലുകൾ Scrutiny - cum-Technical Committee പരിശോധിച്ച് വിലയിരുത്തി ശുപാർശയ്ക്കായി സ്റ്റിയറിംഗ് കമ്മിറ്റിക്ക് നൽകുന്നു.
- റിസർച്ച് & ഡവലപ്മെന്റ് സ്റ്റഡി / സർവ്വേ എന്നിവയ്ക്കായി മൂന്ന് ഘട്ടങ്ങളായി തുക അനുവദിക്കുന്നു.

## കേന്ദ്ര സംസ്ഥാന സർക്കാരുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മറ്റ് സേവന ദാതാക്കൾ എന്നിവിടങ്ങളിൽ നിന്നും നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്ക് ഇൻ - സർവ്വീസ് ട്രെയിനിംഗ് നൽകുന്ന പദ്ധതി

കേന്ദ്ര സംസ്ഥാന സർക്കാരുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മറ്റ് സേവനദാതാക്കൾ എന്നിവിടങ്ങളിലെ പദ്ധതികൾ നടപ്പിലാക്കാൻ ഉത്തരവാദിത്ത പ്പെട്ട ഉദ്യോഗസ്ഥർക്ക് ഭിന്നശേഷിക്കാർക്ക് അർഹതപ്പെട്ട അവകാശങ്ങൾ, വിവിധ പദ്ധതികളിലെ വ്യവസ്ഥകൾ, ഭിന്നശേഷിക്കാർക്കായുള്ള പരിപാടികൾ, എന്നിവ യിന്മേൽ അവബോധം ഉണ്ടാക്കിയെടുക്കുന്നതിനായി ട്രെയിനിംഗ് നൽകുന്ന പദ്ധതി.

## ഭിന്നശേഷിക്കാർക്ക് സ്വകാര്യ മേഖലയിൽ ജോലി നൽകുന്നതിനായി ഇൻസെന്റീവ് നൽകുന്ന പദ്ധതി

ഭിന്നശേഷിക്കാരായവർക്ക് സ്വകാര്യ മേഖലയിൽ ജോലി നേടുന്നതിന് പ്രോത്സാഹനം നൽകുന്ന പദ്ധതിയാണിത്. 2007 – 08 ലെ ബജറ്റ് പ്രസംഗത്തിൽ ധനകാര്യ വകുപ്പ് മന്ത്രി പ്രഖ്യാപിച്ച ഈ പദ്ധതി പ്രകാരം നിശ്ചിത പരിധി വരെ മാസവേതനം വാങ്ങുന്ന ഭിന്നശേഷിക്കാരായ ഉദ്യോഗസ്ഥർക്ക് 10 വർഷം വരെ EPF, ESI തുടങ്ങിയ Employers Contribution സർക്കാർ നൽകുന്നു.

## ജില്ല ഭിന്നശേഷി പുനരധിവാസ കേന്ദ്രങ്ങൾ (DDRC)

രാജ്യത്തെ തിരഞ്ഞെടുത്ത 310 ജില്ലകളിൽ ഭിന്നശേഷിക്കാർക്കായി പുനരധിവാസ സഹായ പ്രവർത്തനങ്ങൾ നൽകുന്ന പദ്ധതി. ഈ പദ്ധതി പ്രകാരം ക്യാംപ്, സർവ്വേ എന്നിവയിലൂടെ ഭിന്നശേഷിക്കാരെ കണ്ടെത്തി അവർക്കാവശ്യമായ സഹായങ്ങൾ (ഡിസെബിലിറ്റി സർട്ടിഫിക്കറ്റ്, ബസ് പാസ്സുകൾ, ആനുകൂല്യങ്ങൾ, സൗകര്യങ്ങൾ) നൽകുന്നു.

തിരഞ്ഞെടുത്ത ജില്ലകളിലെ ഭിന്നശേഷിക്കാർക്കായി സഹായ ഉപകരണങ്ങൾ നൽകുന്നതിനായുള്ള പരിശോധന തെറാപ്യൂട്ടിക് സേവനങ്ങൾ, ബാങ്കുകൾ, മറ്റ്

ധനകാര്യ സ്ഥാപനങ്ങൾ മുഖേന സ്വയം തൊഴിലിനായി ലോൺ ലഭ്യമാക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ, ഭിന്നശേഷിക്കാരുടെ രക്ഷിതാക്കൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും കൗൺസിലിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾ ഈ പദ്ധതി പ്രകാരം നടപ്പിലാക്കുന്നു. ജില്ലാ കളക്ടർ ചെയർമാനായ ജില്ലാ മാനേജ്മെന്റ് ടീം ആണ് പദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു നടത്തേണ്ടത്.

## ദീൻദയാൽ ഡിസേബിൾഡ് റിഹാബിലിറ്റേഷൻ സ്കീം (DDRS)

പ്രത്യേക പരിഗണനയും പരിപാലനവും ആവശ്യമായ വ്യക്തികൾക്ക് അവരുടെ ദൈനംദിന ജീവിത ശേഷീ വികാസത്തിനും, വിദ്യാഭ്യാസത്തിനും പരിശീലന ത്തിനുമായി സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും അവയെ സാമ്പത്തികമായി സഹായിക്കുന്നതിനുമായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ദീൻ ദയാൽ ഡിസേബിൾഡ് റിഹാബിലിറ്റേഷൻ സ്കീം. പ്രത്യേക പരിഗണന ആവശ്യമുള്ളവരെ സമൂഹത്തിന്റെ മുഖ്യധാരയിലത്തിക്കുന്നതിനും വിദ്യാഭ്യാസ, പരിശീലന പരിപാടികളിലൂടെ ഇവരുടെ കഴിവുകൾ പൂർണ്ണമായി ഉപയോഗപ്പെടുത്തുക എന്നിവ ഇതുവഴി ലക്ഷ്യമിടുന്നു.

### പ്രസ്തുത പദ്ധതി വഴി നടപ്പിലാക്കുന്ന മോഡൽ പ്രോജക്കുകൾ

1. പ്രീ സ്കൂൾ, ഏർളി ഇന്റർവെൻഷൻ ആന്റ് ട്രെയ്നിംഗ്
2. പ്രത്യേക വിദ്യാലയങ്ങൾ (സ്പെഷ്യൽ സ്കൂളുകൾ)
   - ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്ക്
   - കേഴ്വി , സംസാര വെല്ലുവിളി നേരിടുന്നവർക്ക്
   - കാഴ്ച പരിമിതിയുള്ളവർക്ക്
3. സെറിബ്രൽ പാൾസി ബാധിതരായ കുട്ടികൾക്കു വേണ്ടിയുള്ള പദ്ധതി
4. കുഷ്ഠരോഗം ഭേദമായവർക്കുള്ള പുനരധിവാസം
5. ചികിത്സിച്ച് നിയന്ത്രണ വിധേയമായ മാനസിക രോഗികൾക്ക് മാനസിക സാമൂഹിക പുനരധിവാസത്തിനായുള്ള ഹാഫ് വേ ഹോമുകൾ
6. ഗൃഹാധിഷ്ഠിത പുനരധിവാസം (Home Based Rehabilitation)
7. സമൂഹാധിഷ്ഠിത പുനരധിവാസ പരിപാടി (Community Based Rehabilitation Programme)
8. ലോ വിഷൻ സെന്ററുകൾ (Low Vision Centres)
9. മനുഷ്യ വിഭവ വികസനം (Human Reosurce Development)

നിയമാനുസൃതമായ രജിസ്ട്രേഷനും, NITI Aayog പോർട്ടലിൽ രജിസ്റ്റർ ചെയ്ത് NGO - Darpan യുനീക് ഐ.ഡി ലഭ്യമായ 2 വർഷത്തെ പ്രവർത്തി പരിചയമുള്ള സന്നദ്ധ സംഘടനകൾക്ക് ധനസഹായം ലഭിക്കുന്നതും, ആവർത്തന ആവർത്തനേതര ചെലവുകൾക്ക് ഓരോ പ്രോജക്ടിനും അംഗീകരിച്ചിട്ടുള്ള ബഡ്ജറ്റിന്റെ 90% വരെ നിലവിലുള്ള ധനകാര്യ വ്യവസ്ഥകൾക്ക് വിധേയമായി ലഭിക്കുന്നതാണ്.നിശ്ചിത അപേക്ഷാ ഫോറത്തിൽ നിഷ്കർഷിക്കപ്പെട്ട രേഖകൾ സഹിതം ഓൺലൈനായി e-ANUDAAN PORTAL (ngograntssje.gov.in) ൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.



# പ്രധാന നിയമങ്ങൾ

## ഭിന്നശേഷിക്കാരുടെ അവകാശ നിയമം RPWD Act - 2016

### തുല്യതയും വേർതിരിവ് ഒഴിവാക്കലും (Chapter II Section 3)

- 1995ലെ ഭിന്നശേഷി നിയമം റദ്ദാക്കി അതിനു പകരമായാണ് ഭിന്നശേഷിയുള്ളവരുടെ അവകാശ നിയമം 2016 കേന്ദ്ര സർക്കാർ കൊണ്ടുവന്നത്.
- ഐക്യരാഷ്ട്രസഭയുടെ 2006-ലെ ഭിന്നശേഷിക്കാർക്കായുള്ള അന്താരാഷ്ട്ര കൺവെൻഷന്റെ ചുവടു പിടിച്ചാണ് ഭിന്നശേഷിക്കാരുടെ അവകാശത്തിലധിഷ്ഠിതമായ ഈ നിയമം പാർലമെന്റ് പാസാക്കിയത്.
- സ്ത്രീകളും കുട്ടികളുമുൾപ്പെടെയുള്ള ഭിന്നശേഷിക്കാർക്ക് തുല്യതയും സമത്വവും ഉറപ്പു വരുത്തുന്നതിന് സർക്കാരും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ബാധ്യസ്ഥരാണ്.
- ഭിന്നശേഷിക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ, ദുരുപയോഗം എന്നിവ തടയുന്നതിനും അതിക്രമമുണ്ടായാൽ സംരക്ഷണം നൽകുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നടപടി സ്വീകരിക്കേണ്ടതാണ്.
- ഭിന്നശേഷിക്കാരിൽ നിന്നും ടി പ്രദേശത്തെ പോലീസ് ഓഫീസർക്ക് പരാതി ലഭിക്കുന്ന പക്ഷം ടിയാൾക്ക് സൗജന്യ നിയമോപദേശം നൽകുന്നതിനും ടിയാളുടെ പരാതിയിൻമേൽ തീർപ്പു കൽപ്പിക്കുന്നതിന് Executive Magistrateന് മുൻപാകെ പരാതി ബോധ്യപ്പെടുത്തേണ്ടതുമാണ്.

## പ്രകൃതി ദുരന്തങ്ങളിൽപ്പെടുന്ന ഭിന്നശേഷിക്കാർക്കുള്ള സംരക്ഷണം ഉറപ്പാക്കാൻ (Chapter II Section 8)

പ്രകൃതി ദുരന്തത്തിൽപ്പെടുന്ന ഭിന്നശേഷിക്കാർക്ക് പ്രഥമ പരിഗണന നൽകുന്നതിലേയ്ക്കായി ജില്ല ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റികൾ അതാതു ജില്ലയിലെ ഭിന്നശേഷിക്കാരുടെ പട്ടിക പരിപാലിക്കേണ്ടതാണ്. തുടർന്നുള്ള പുനരുദ്ധാരണ പ്രവർത്തനത്തിലേർപ്പെടുന്ന ഉദ്യോഗസ്ഥർ ഭിന്നശേഷിക്കാരുടെ ആവശ്യങ്ങൾക്കനുസൃതമായി പദ്ധതികളാ വിഷ്ക്കരിക്കേണ്ടതും ആവശ്യമാകുന്ന പക്ഷം ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണറുമായി കൂടിയാലോ ചിക്കേണ്ടതുമാണ്.

## വിദ്യാഭ്യാസം, നൈപുണ്യ വികസനം, തൊഴിൽ ലഭ്യമാക്കൽ (Chapter III & IV Section 16-23)

- ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളെ ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം (inclusive education), മുതിർന്നവർക്ക് തുടർ വിദ്യാഭ്യാസ പരിപാടികൾ എന്നിവ നടപ്പാക്കുന്നതിന് ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ നടപടി സ്വീകരിക്കേണ്ടതുണ്ട്.
- ഭിന്നശേഷി സൗഹൃദ പഠന സമ്പ്രദായം, പരിശീലന പരിപാടികൾ എന്നിവ നടപ്പാക്കേണ്ടതും പാഠ്യ പദ്ധതി, പരീക്ഷ നടത്തിപ്പ് നടപടിക്രമം എന്നിവയിൽ ആവശ്യമാകുന്ന പക്ഷം ഭേദഗതി വരുത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.
- എല്ലാ ഗവ. എസ്റ്റാബ്ലിഷ്മെന്റുകളിലും ടി കാര്യാലയത്തിൽ സേവന മനുഷ്ഠിക്കുന്ന ഭിന്നശേഷിക്കാരുടെ വിവരങ്ങൾ ഉൾപ്പെടുത്തിയുള്ള രജിസ്റ്ററുകൾ പരിപാലിക്കേണ്ടതും എല്ലാ ഓഫീസുകളിലും ഭിന്നശേ ഷിക്കാരായ ജീവനക്കാരുടെ പരാതികൾ സ്വീകരിക്കുന്നതിനും പരിഹാര നടപടികൾ സ്വീകരിക്കുന്നതിനും ഒരു ഗ്രിവൻസ് റിഡ്രസ്സൽ ഓഫീസറെ നിയോഗിച്ചിരിക്കേണ്ടതുമാണ്. ടി ഓഫീസർ തലത്തിൽ പരിഹരിക്കാ നാകാത്ത വിഷയങ്ങൾ ജില്ലാതല കമ്മിറ്റിയ്ക്ക് ശുപാർശ ചെയ്യേണ്ടതാണ്.

## Bench mark Disabilities (> 40% Disability) ഉള്ള അംഗപരിമിതർക്കുള്ള പ്രത്യേക പരിഗണന Chapter VI Section 31-37

6 മുതൽ 18 വയസ്സു വരെയുള്ള 40%നു മുകളിൽ വൈകല്യമുള്ള കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം ലഭ്യമാക്കൽ, സർക്കാർ ഉന്നത വിദ്യാഭ്യാസ മേഖലകളിൽ 5%-ൽ കുറയാത്ത സംവരണം ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കൽ, ഭിന്നശേഷിക്കാർക്ക് അനുയോജ്യമായ തസ്തിക കണ്ടെത്തൽ, 4% തൊഴിൽ സംവരണം ഭിന്നശേഷിക്കാർക്ക് ഉറപ്പാക്കൽ, കൂടുതൽ ഭിന്നശേഷിക്കാർക്ക് തൊഴിൽ നൽകുന്ന തൊഴിൽദാതാവിന് ആനുകൂല്യങ്ങൾ/ഇളവുകൾ നൽകൽ എന്നിവ അതാതു സർക്കാർ വകുപ്പുകളുടെ ഉത്തരവാദിത്തമാണ്.

## സർക്കാരിന്റെ ചുമതലയും ഉത്തരവാദിത്തവും (Chapter VIII Section 39-48)

- ആക്ട് പ്രകാരമുള്ള അവകാശങ്ങൾ ഭിന്നശേഷിക്കാരെ ബോധ്യപ്പെടു ത്തുന്നതിനായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക, ഭിന്ന ശേഷിക്കാർക്ക് സൗഹൃദമായ സാഹചര്യങ്ങൾ/ചുറ്റുപാടുകൾ സൃഷ്ടിക്കുക, സർക്കാർ നടപ്പാക്കുന്ന പദ്ധതികൾ/പരിപാടികൾ എന്നിവ

ഏതെങ്കിലും രീതിയിൽ ഭിന്നശേഷിക്കാരുടെ ക്ഷേമത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനും അവരുടെ ആശങ്ക അറിയുന്നതിനുമായി സോഷ്യൽ ഓഡിറ്റ് നടത്തുക എന്നിവ സർക്കാരിന്റെ ചുമതലയാണ്.

- ഭൗതിക, ഗതാഗത, വാർത്താ വിനിമയ, വിവര സാങ്കേതിക സംവിധാനങ്ങളെല്ലാം ഭിന്നശേഷിക്കാർക്ക് അനുകൂലമാക്കുന്നതിനും ആയതിനുള്ള നടപടി സമയബന്ധിതമായി സ്വീകരിക്കുന്നതിനും ഭിന്നശേഷിക്കാർക്കാവശ്യമായ സഹായ ഉപകരണങ്ങൾ കണ്ടെത്തുന്നതിൽ ഗവേഷണ വികസന നടപടികൾ സ്വീകരിക്കേണ്ടതും സർക്കാരിന്റെ ഉത്തരവാദിത്തമാണ്.
- ഭിന്നശേഷി സൗഹൃദമല്ലാത്ത കെട്ടിടങ്ങൾക്ക് ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർ യാതൊരു കാരണവശാലും Completion Certificate നൽകാൻ പാടില്ലാത്തതും നിലവിലെ എല്ലാ പൊതു കെട്ടിടങ്ങളും അടുത്ത 5 വർഷത്തിനകം ഭിന്നശേഷി സൗഹൃദമാക്കേണ്ടതുമാണ്.

## ഭിന്നശേഷിക്കാർക്കായുള്ള സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യൽ (Chapter IX Section 49-55)

ഭിന്നശേഷിക്കാർക്കായി പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതാണ്. മെന്റൽ ഹെൽത്ത് ആക്ട് 1987 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള മാനസിക രോഗ ബാധിതർക്കായുള്ള സ്ഥാപനങ്ങൾ ടി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതില്ല. സ്ഥാപന രജിസ്ട്രേഷന് വേണ്ടി അപേക്ഷ സമർപ്പിക്കൽ, സ്ഥാപന പരിശോധന, സർട്ടിഫിക്കറ്റ് അനുവദിക്കൽ, അപ്പീൽ അപേക്ഷ സമർപ്പിക്കൽ എന്നിവ സംബന്ധിച്ച നടപടി ക്രമങ്ങൾ സംസ്ഥാന ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുന്ന സ്ഥാപനങ്ങൾക്ക് സർക്കാർ ധനസഹായത്തിന് അർഹതയുണ്ട്.

## ഭിന്നശേഷി സർട്ടിഫിക്കറ്റ് നൽകൽ (Chapter X Section 56-59)

ആക്ട് പ്രകാരം 21 ശാരീരിക മാനസിക അവസ്ഥകളെ വൈകല്യമായി നിശ്ചയിച്ചിട്ടുണ്ട്. ഭിന്നശേഷി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനും സർട്ടിഫിക്കറ്റ് അനുവദിച്ച നടപടിയിൽ ആക്ഷേപമുണ്ടെങ്കിൽ അപ്പീൽ അപേക്ഷ നൽകുന്നതിന് ഭിന്നശേഷിക്കാരന് അവകാശമുണ്ട്.

**ആക്ട് പ്രകാരമുള്ള വൈകല്യങ്ങൾ**

1. ചലന വൈകല്യം (Locomotor Disability)
2. മസ്കുലാർ ഡിസ്ട്രോഫി (Muscular Dystrophy)
3. മൾട്ടിപ്പിൾ സ്കീളോറോസിസ് (Multiple Sclerosis)
4. ഹ്രസ്വകായത്വം (Dwarfism)
5. അന്ധത (Blindness)
6. ഗുരുതരമായ കാഴ്ചക്കുറവ് (Low vision)
7. പഠന വൈകല്യം (Specific Learning Disabilities)
8. സംസാര-ഭാഷാ വൈകല്യം (Speech & Language Disability)
9. ബുദ്ധിപരമായ വെല്ലുവിളി (Intellectual Disability)
10. മാനസിക രോഗം (Mental illness)

11. ഓട്ടിസം (Autism Spectrum Diosrders)
12. കേൾവി ഇല്ലായ്മ (Deaf)
13. കുഷ്ഠ രോഗ വിമുക്തം (Leprosy Cured)
14. ഹീമോഫീലിയ (Haemophilia)
15. താലസീമിയ (Thalassemia)
16. അരിവാൾ രോഗം (Sickle Cell Disease)
17. സെറിബ്രൽ പാൾസി (Cerebral Palsy)
18. കേൾവിക്കുറവ് (Hard of Hearing)
19. ബഹു വൈകല്യം (Multiple Disabilities)
20. ആസിഡ് ആക്രമണത്തിനു വിധേയമായവർ (Acid Attack victims)
21. പാർക്കിൻസൺസ് രോഗം (Parkinosn's disease)

## മറ്റ് സുപ്രധാന വ്യവസ്ഥകളും തീരുമാനങ്ങളും

- ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനുമായി കേന്ദ്ര സർക്കാർ തലത്തിൽ Central Adviosry Board on Disabilityയും സംസ്ഥാന തലത്തിൽ State Adviosry Board on Disabilityയും രൂപീകരിച്ചിട്ടുണ്ട്.
- ഭിന്നശേഷിക്കാരുടെ പരാതികൾ തീർപ്പു കൽപ്പിക്കുന്നതിനായി സംസ്ഥാന ഭിന്നശേഷിക്കാരുടെ കമ്മീഷണറെ നിയമിച്ചിട്ടുണ്ട്. തിരുവനന്തപുരം പൂജപ്പുര ആസ്ഥാനമായി കമ്മീഷണറുടെ ഓഫീസ് പ്രവർത്തിക്കുന്നു.
- ഭിന്നശേഷിക്കാരുടെ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനായി എല്ലാ ജില്ലകളിലും സ്പെഷ്യൽ കോടതി രൂപീകരിക്കുന്നതിന് ആക്ട് വ്യവസ്ഥ ചെയ്യുന്നു.
- ആക്ട് നടപ്പാക്കുന്നതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.
- എല്ലാ ഭിന്നശേഷിക്കാർക്കും Limited Guardianship നൽകുന്നതിനുള്ള വ്യവസ്ഥ ആക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന ചട്ടം നടപ്പാക്കുന്നതോടുകൂടി ജില്ലതലത്തിൽ Limited Guardianship നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## നിയമ ലംഘനം ശിക്ഷാ നടപടികൾ

- ഈ ആക്ടിലെ വ്യവസ്ഥകൾ ലംഘിക്കുന്നത് 10,000/ രൂപ മുതൽ 5,00,000/ രൂപ വരെ പിഴ ചുമത്താവുന്ന കുറ്റമാണ്.
- ഭിന്നശേഷിക്കാർക്കുള്ള ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്നത് 2 വർഷം വരെ തടവും 1,00,000/ രൂപ വരെ പിഴയും ചുമത്താവുന്ന കുറ്റമാണ്.
- പൊതു ജന മദ്ധ്യത്തിൽ അവഹേളിക്കുക, ഭക്ഷണം നൽകാതിരിക്കുക, സഹായ ഉപകരണങ്ങൾ നശിപ്പിക്കുക മുതലായ കുറ്റങ്ങൾക്ക് 6 മാസം മുതൽ 5 വർഷം വരെ തടവ് ശിക്ഷ ലഭിക്കാവുന്നതാണ്.

## ആക്ട് നടപ്പാക്കുന്നതിനായി വിവിധ വകുപ്പ് തലത്തിൽ സ്വീകരിക്കേണ്ട നടപടികൾ

| ആക്ടിലെ വ്യവസ്ഥ | നടപ്പാക്കേണ്ട സർക്കാർ വകുപ്പ് |
|---|---|
| Equality & non discrimination | എല്ലാ വകുപ്പുകളും |
| Protection from cruelty & inhuman activities | Police, Judiciary, Local Self Government Department, Social Justice Department |
| Right to Home, family & Reproduction Right | Health, Women & Child Development Department, Local Self Government Department, Social Justice Department |
| Accessibility in voting | Revenue, Local Self Government Department, Election Department, Social Justice Department |
| Provision for Guardianship | Social Justice Department, Women & Child Development Department, Local Self Government Department, Revenue |
| Education, inclusive Education, Adult Education | Local Self Government Department, Education Department, Women & Child Development Department, Kudumbasree, Saksharatha Mission, Universities |
| Vocational Training, Self Employment | Local Self Government Department, Social Justice Department |
| Maintenance of records | All Gov. establishments |
| Appointment of Grievance Redressal Officer | All Gov. establishments |
| Social Security, Health, Rehabilitation, Recreation | Social Justice Department, Health, Education, Sports Department, Department of Culture, Insurance Department, Universities, Technical Education Department |
| Free Education for PWD with Bench mark disabilities | Education, Local Self Government Department, Kudumbasree, Women & Child Development Department |
| Reservation in Higher Education institutions | Higher Education Department, Universities |
| Identification of post for PWDs | All department |
| 4% Reservation to PWDs | Social Justice Department, Kerala Public Service Commission |
| Special Employment exchange | Employment Department, Social Justice Department |
| | |

| | |
|---|---|
| Access to Transport | KSRTC, Water Transport Department, PWD, NATPAC, Road fund board, Local Self Government Department, Social Justice Department |
| Access to information and Communication Technology | I&PRD, Social Justice Department |
| Registration of Institutions | Health, Education, Local Self Government Department, NGO's, Kudumbasree, Social Justice Department |
| Certification of Specified disabilities | Health, Social Justice Department, Local Self Government Department |
| Survey of school going children | Education department |
| Protection & safety from natural calamities | District Disaster management authority, Social Justice Department, Revenue, Local Self Government Department |
| Designating nodal officer at district level for ensuring & screening school going children | Education Department |
| Various assistance to PWDs including pension, scholarships etc. | Local Self Government Department, Bank officers, Social Justice Department, ST Development Department, SC Department, Health, Education department. |

# റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ ആക്ട് 1992

1992 ൽ പാർലമെന്റ് പാസ്സാക്കിയ നിയമ പ്രകാരം സ്ഥാപിതമായ ഒരു നിയമാനുസൃത സ്ഥാപനമാണ് റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ. പുനരധിവാസ പ്രത്യേക വിദ്യാഭ്യാസ മേഖലയിൽ പരിശീലന പരിപാടികളും / വിവിധ കോഴ്സുകളും വികസിപ്പിച്ചെടുക്കുകയും, ഏകീകരിക്കുകയും, പ്രാബല്യത്തിൽ വരുത്തുകയും ചെയ്ത് ഈ മേഖലയിൽ മാനവ വിഭവ ശേഷി വർദ്ധിപ്പിക്കുക എന്നതാണ് ഇതിന്റെ പ്രാധാന കർത്തവ്യം. സർക്കാർ/സർക്കാരിതര സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ മുതലായവർക്ക് പുനരധിവാസ പ്രത്യേക വിദ്യാഭ്യാസ രംഗത്ത് ഏതെങ്കിലും ട്രെയ്നിങ് കോഴ്സുകൾ ആരംഭിക്കുന്നതിന് റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ മുൻകൂർ അനുമതി റിഹാബിലിറ്റേഷൻ കൌൺസിൽ ഓഫ് ഇന്ത്യ ആക്ട് പ്രകാരം ആവശ്യമാണ്.കൂടാതെ പുനരധിവാസ പ്രവർത്തനത്തിലേർപ്പെടുന്ന പ്രൊഫഷണലുകൾ പ്രസ്തുത ആക്ട് പ്രകാരം നിർബന്ധമായും റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയിൽ രജിസ്റ്റർ ചെയ്യണമെന്നും നിഷ്കർഷിക്കുന്നു.

**റിഹാബിലിറ്റേഷൻ കൌൺസിൽ ഓഫ് ഇന്ത്യ ആക്ടിന്റെ പരിധിയിൽ വരുന്ന പ്രൊഫഷണൽ/പേഴ്സണൽ വിഭാഗങ്ങൾ താഴെപ്പറയുന്നവയാണ്.**

1. ഓഡിയോളജിസ്റ്റ് & സ്പീച്ച് തെറാപ്പിസ്റ്റ്
2. ക്ലിനിക്കൽ സൈക്കോളജിസ്റ്റ്
3. ഹിയറിങ് & ഇയർ മോൾഡ് ടെക്നീഷ്യൻ
4. റിഹാബിലിറ്റേഷൻ എൻജിനീയർ & ടെക്നീഷ്യൻ
5. സ്പെഷ്യൽ ടീച്ചർമാർ
6. വൊക്കേഷണൽ കൗൺസിലർ, എംപ്ലോയ്മെന്റ് ഓഫീസർ & പ്ലേസ്മെന്റ് ഓഫീസർ
7. മൾട്ടി പർപ്പസ് റിഹാബിലിറ്റേഷൻ തെറാപ്പിസ്റ്റ്, ടെക്നീഷ്യൻ
8. സ്പീച്ച് പാത്തോളജിസ്റ്റ്
9. റിഹാബിലിറ്റേഷൻ സൈക്കോളജിസ്റ്റ്
10. റിഹാബിലിറ്റേഷൻ സോഷ്യൽ വർക്കർമാർ
11. റിഹാബിലിറ്റേഷൻ പ്രാക്ടീഷണർ ഇൻ മെന്റൽ റിട്ടാർഡേഷൻ
12. ഓറിയന്റേഷൻ & മൊബിലിറ്റി സ്പെഷ്യലിസ്റ്റ്
13. കമ്മ്യൂണിറ്റി ബേസ്ഡ് റിഹാബിലിറ്റേഷൻ പ്രൊഫഷണൽ
14. റിഹാബിലിറ്റേഷൻ കൌൺസിലർ, അഡ്മിനിസ്ട്രേറ്റർ
15. പ്രോസ്തറ്റിസ്റ്റ് &ഓർത്തോട്ടിസ്റ്റ്
16. റിഹാബിലിറ്റേഷൻ വർക്ക്ഷോപ്പ് മാനേജർ

എന്നാൽ ഫിസിയോ തെറാപ്പിസ്റ്റ്, ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ് എന്നീ പ്രൊഫഷണലുകൾ ഈ നിയമത്തിന്റെ പരിധിയിൽ വരുന്നില്ല.

**RCI അംഗീകൃത സ്ഥാപനങ്ങൾ വഴി താഴെപ്പറയുന്ന കോഴ്സുകൾ ലഭ്യമാക്കി വരുന്നു.**

1. സർട്ടിഫിക്കറ്റ് കോഴ്സുകൾ
2. ഡിപ്ലോമ കോഴ്സുകൾ
3. പി.ജി ഡിപ്ലോമ കോഴ്സുകൾ
4. ബിരുദ കോഴ്സുകൾ
5. ബിരുദാനന്തര ബിരുദ / മാസ്റ്റർ ലെവൽ കോഴ്സുകൾ
6. ഷോർട്ട്  ടേം / റിഫ്രഷർ കോഴ്സുകൾ

പ്രസ്തുത കോഴ്സുകളിലേക്ക് പ്രവേശനം നേടുന്നതിനായി ആർ.സി.ഐയുമായി അഫിലിയേറ്റ് ചെയ്ത യൂനിവേഴ്സിറ്റികൾ, കോളേജുകൾ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയിൽ നേരിട്ട് ബന്ധപ്പെടാവുന്നതാണ്. എല്ലാ വർഷവും ഏപ്രിൽ മാസത്തിൽ പ്രവേശന നടപടികൾ ആരംഭിക്കുന്നതും മെയ്/ജൂൺ മാസത്തിൽ ക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്യുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് www.rehabcouncil.nic.in എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.



# നാഷണൽ ട്രസ്റ്റ് നിയമം

ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, മൾട്ടിപ്പിൾ ഡിസെബിലിറ്റി എന്നിവ ബാധിച്ച വ്യക്തികളുടെ ക്ഷേമത്തിനായുള്ള "നാഷണൽ ട്രസ്റ്റ് "നിയമം (1999 ലെ 44-ാം നിയമം) 1999 ഡിസംബർ 30 ന് പ്രബല്യത്തിൽ വന്നു. ജമ്മു കാശ്മീർ ഒഴികെ ഇന്ത്യ യിൽ എല്ലായിടത്തും ഈ നിയമത്തിന് പ്രാബല്യമുണ്ട്. The National Trust for the welfare of perosns with Autism, Cerebral Palsy, Mental retardation and Multiple Disabilities Act, 1999 എന്നതാണ് നിയമത്തിന്റെ പൂർണ്ണ നാമം.

## എന്താണ് നാഷണൽ ട്രസ്റ്റ്

നാഷണൽ ട്രസ്റ്റ് നിയമപ്രകാരം ഭാരത സർക്കാരിന്റെ സാമൂഹ്യനീതി മന്ത്രാലയ ത്തിൻ കീഴിൽ രൂപീകരിച്ചിട്ടുള്ള നിയമപരമായ സ്ഥാപനമാണ് നാഷണൽ ട്രസ്റ്റ്.

## ലക്ഷ്യങ്ങൾ

- വൈകല്യമുള്ള വ്യക്തികളെ , അവരുടെ സമുദായവുമായി കഴിയുന്നത്ര അടുപ്പം നിലനിർത്തിക്കൊണ്ട് അതിനുള്ളിൽ തന്നെ കഴിയുന്നത്ര സ്വതന്ത്രവും സമ്പൂർണ്ണവുമായി ജീവിക്കാൻ സഹായിക്കുവാനും അധികാരവൽക്കരിക്കുവാനും.
- അവരുടെ സ്വന്തം കുടുംബങ്ങൾക്കുള്ളിൽതന്നെ ജീവിക്കാൻ സഹായിക്കുന്നതിന് സൗകര്യങ്ങൾ മെച്ചപ്പെടുത്തുക
- കുടുംബത്തിന്റെ പിന്തുണയില്ലാത്ത വൈകല്യമുള്ള വ്യക്തികളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുക.
- മാതാപിതാക്കളോ രക്ഷാകർത്താവോ മരണപ്പെട്ടാൽ അവരുടെ പരിചരണത്തിനും സംരക്ഷണത്തിനും നടപടികൾ പ്രോത്സാഹിപ്പിക്കുക.
- ഇവരുടെ കുടുംബത്തിന് പ്രതിസന്ധിവേളയിൽ സഹായാടിസ്ഥാന ത്തിലുള്ള സേവനങ്ങൾ നൽകാൻ രജിസ്റ്റർ ചെയ്യപ്പെട്ട സംഘടനകൾക്ക് പിന്തുണ നൽകുക.

- ഇത്തരം വൈകല്യങ്ങളുള്ള സംരക്ഷണം ആവശ്യമുള്ള വ്യക്തികൾക്കായി രക്ഷാകർത്താക്കളെയും ട്രസ്റ്റികളെയും നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങൾ കണ്ടെത്തുക
- ഇത്തരം വ്യക്തികളുടെ പൂർണ്ണപങ്കാളിത്തവും, അവകാശങ്ങളുടെ സംരക്ഷണവും തുല്യ അവസരങ്ങളും യാഥാർത്ഥ്യവൽക്കരിക്കാൻ സൗകര്യപ്പെടുത്തുക

## നാഷണൽ ട്രസ്റ്റ് ചട്ടങ്ങളും റെഗുലേഷനുകളും

നിയമത്തിന്റെ വകുപ്പുകൾ നടപ്പിലാക്കുന്നതിന് ചട്ടങ്ങൾ ആവശ്യമാണ് ഇവ താഴെപ്പറയുന്നു.

- വ്യക്തികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ നിർവ്വചിക്കുന്നു.
- രക്ഷാകർതൃത്വത്തിനുള്ള അപേക്ഷനൽകുന്നതിനുള്ള ഫോറം അവയിൽപ്പെടുന്നു
- ഒരു രക്ഷാകർത്താവിനെ നീക്കം ചെയ്യാനുള്ള നടപടിക്രമങ്ങളും അടിസ്ഥാനവും
- സാമ്പത്തിക കണക്കുകൾ സംബന്ധിച്ച മറ്റു വിശദാംശങ്ങൾ, മുതലായവ..

ബോർഡിന് റെഗുലേഷനുകൾ ഉണ്ടാക്കാവുന്നതും കേന്ദ്ര സർക്കാരിന് ഇവയ്ക്ക് അംഗീകാരം നൽകാവുന്നതുമാണ്. താഴെപ്പറയുന്നവ ഇതിൽ ഉൾപ്പെടുന്നു.

- രക്ഷാകർതൃത്വത്തിനുള്ള അപേക്ഷകൾ എങ്ങനെ ലോക്കൽ ലെവൽ കമ്മിറ്റി (എൽ.എൽ.സി) മുതലായവ സ്വീകരിക്കുന്നു, അതിന്റെ നടപടിക്രമവും തീരുമാനവും സംബന്ധിച്ച കൂടുതൽ വിവരങ്ങൾ.
- ബോർഡ് യോഗത്തിന്റെ സ്ഥലവും സമയവും സംബന്ധിച്ചവിശദാംശങ്ങൾ
- സംഘടനകൾക്ക് ബോർഡുമായി രജിസ്റ്റർ ചെയ്യാനും മറ്റുമുള്ള നടപടിക്രമങ്ങൾ

## നാഷണൽ ട്രസ്റ്റ് എങ്ങനെ പ്രവർത്തിക്കുന്നു

- നാഷണൽ ട്രസ്റ്റിന്റെ ഹെഡ് ഓഫീസ് ന്യൂ ഡൽഹിയിലാണ്.
- ട്രസ്റ്റിന്റെ പൊതു നിരീക്ഷണം, നിർവ്വഹണം, നിർദ്ദേശം എന്നിവ ഒരു ബോർഡിൽ നിക്ഷിപ്തമായിരിക്കുന്നു
- ട്രസ്റ്റിനാൽ ചെയ്യാവുന്നതും പ്രവർത്തിക്കാവുന്നതുമായ എല്ലാ അധികാരങ്ങളും ഫലത്തിൽ ചെയ്യുന്നത് ബോർഡ് ആണ്.

## കേന്ദ്ര ബോർഡ് അംഗങ്ങൾ

- ചെയർ പേഴ്സൺ – നിയമത്തിൽ ഉൾപ്പെട്ടിട്ടുള്ള വൈകല്യങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ വൈദഗ്ധ്യവും പരിചയവും ഉള്ള വ്യക്തികളിൽ നിന്നും കേന്ദ്ര സർക്കാർ നിയമിക്കുന്ന ഒരാൾ
- രജിസ്റ്റർ ചെയ്യപ്പെട്ട സംഘടനകളിൽ നിന്നും 9 പേർ
    - 3 അംഗങ്ങൾ സന്നദ്ധ സംഘടനകളിൽ നിന്ന്
    - 3 അംഗങ്ങൾ നിയമത്തിൽ ഉൾപ്പെട്ട വൈകല്യമുള്ള വ്യക്തികളുടെ മാതാപിതാക്കളിൽ നിന്ന്
    - 3 അംഗങ്ങൾ വൈകല്യമുള്ള വ്യക്തികളുടെ സംഘടനകളിൽ നിന്ന്

- കേന്ദ്ര സർക്കാരിന്റെ (നിർദ്ദിഷ്ട മന്ത്രാലയങ്ങളിൽ നിന്ന്) ജോ.സെക്രട്ടറിയിൽ കുറയാത്ത 8 വ്യക്തികൾ
- വ്യാപാരം, വാണിജ്യം, വ്യവസായം എന്നിവയെ പ്രതിനിധാനം ചെയ്യുന്ന ബോർഡ് നാമനിർദ്ദേശം ചെയ്യുന്ന 3 വ്യക്തികൾ.

## സ്റ്റേറ്റ് നോഡൽ ഏജൻസി സെന്റർ (SNAC)

നാഷണൽ ട്രസ്റ്റിന് വളരെ ചുരുങ്ങിയ ജീവനക്കാരും മറ്റ് അനുബന്ധ സംവിധാനങ്ങളുമാണുള്ളത്. അതു കൊണ്ട് തന്നെ നാഷണൽ ട്രസ്റ്റിന്റെ വിവിധങ്ങളായ പ്രവർത്തനങ്ങൾ സംസ്ഥാന തലത്തിൽ രജിസ്റ്റർ ചെയ്ത സംഘടനകൾ വഴി നടപ്പിലാക്കുന്നതിനായി ഒരു പ്രതിനിധിയെ ആവശ്യമായി വരുന്നു. ഇവയാണ് സ്റ്റേറ്റ് നോഡൽ ഏജൻസി സെന്ററുകൾ (SNAC). അതതു സംസ്ഥാന സർക്കാരുകളുമായി ചേർന്നു പ്രവർത്തിച്ച് , രജിസ്റ്റർ ചെയ്ത സംഘടനകൾ വഴി നടപ്പിലാക്കുന്ന പദ്ധതികൾ , ലോക്കൽ ലെവൽ കമ്മറ്റികളുടെ പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പുരോഗതി വിവരങ്ങൾ ട്രസ്റ്റിന് ലഭ്യമാക്കുക എന്നതാണ് ഇവയുടെ കർത്തവ്യം.

### യോഗ്യത

SNAC യായി പ്രവർത്തിക്കുന്നതിന് 10 വർഷക്കാലം ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായുള്ള സ്ഥാപനം നടത്തി വരുന്നതും, ഇതിൽ ചുരുങ്ങിയത് 5 വർഷമെങ്കിലും ഏതെങ്കിലും ഒരു നാഷണൽ ട്രസ്റ്റ് വൈകല്യ മേഖലയിൽ സേവനം ചെയ്യുന്നതും, നാഷണൽ ട്രസ്റ്റിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്നതുമായ സ്ഥാപനമായിരിക്കണം.

### ലോക്കൽ ലെവൽ കമ്മറ്റികൾ (LLC)

നാഷണൽ ട്രസ്റ്റിന്റെ ജില്ലാ തലത്തിലെ പ്രധാന പ്രവർത്തന സ്ഥാപനമാണ് ലോക്കൽ ലെവൽ കമ്മറ്റികൾ. ലീഗൽ ഗാർഡിയൻ സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ ഇതിന്റെ ചെയർമാനായ ജില്ലാ കളക്ടർക്കാണ് സമർപ്പിക്കേണ്ടത്.

## നാഷണൽ ട്രസ്റ്റിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ വഴി നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ

### നിരാമയ ഇൻഷൂറൻസ് സ്കീം

- ഒരു ലക്ഷം രൂപ വരെയുള്ള ആരോഗ്യ ഇൻഷൂറൻസ് പരിരക്ഷ (റീ ഇമ്പേഴ്സ്മെന്റ് ബേസിസ്)
- ഒ.പി.ഡി ചികിത്സ, കിടത്തി ചികിത്സ, സർജറി, കറക്ടീവ് സർജറികൾ, തുടർ തെറാപ്പികൾ, മരുന്നുകൾ എന്നിവയെല്ലാം ഉൾപ്പെടുന്നു.
- യാത്രാ ചെലവുകളും ഉൾപ്പെടുന്നു.
- ഇൻഷൂറൻസിന് മുമ്പായി യാതൊരു വിധ വൈദ്യ പരിശോധനയും ആവശ്യമില്ല.
- ജമ്മു കാശ്മീർ ഒഴികെ ഇന്ത്യ മുഴുവൻ ഈ സ്കീം ലഭ്യമാണ്.
- പ്രായപരിധിയില്ലാതെ ഒരൊറ്റ പ്രീമിയം
- നാഷണൽ ട്രസ്റ്റിൽ പെട്ട വൈകല്യങ്ങൾക്കെല്ലാം തുല്യ പരിഗണന
- സാധുവായ വൈകല്യ സർട്ടിഫിക്കറ്റുള്ള നാഷണൽ ട്രസ്റ്റിൽ ഉൾപ്പെട്ട എല്ലാവർക്കും പദ്ധതിയിൽ ചേരാൻ അർഹതയുണ്ട്.
- ഏത് ആശുപത്രിയിലും ചികിത്സ തേടാം.

- ഒരു വർഷമാണ് കാലാവധി (ഉദാ. 2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെ മാത്രം) വർഷം തോറും ഇത് പുതുക്കണം
- എല്ലാ വർഷവും ജനുവരി , ഫെബ്രുവരി മാസങ്ങളിലാണ് പുതുക്കേണ്ടത്
- നാഷണൽ ട്രസ്റ്റിന്റെ സ്റ്റേറ്റ് നോഡൽ ഏജൻസി / LLC കൾ ഇവയുമായി ബന്ധപ്പെട്ട് കാർഡ് പുതുക്കാം

## ചികിത്സാ ചെലവുകൾ ലഭിക്കുന്നതിനായി (ക്ലെയിം സെറ്റിൽമെന്റ്) ചെയ്യേണ്ട കാര്യങ്ങൾ

- എല്ലാ ഗവൺമെന്റ് / പ്രൈവറ്റ് ആശുപത്രികളിൽ നിന്നും നേടുന്ന ചികിത്സകൾക്കും നിരാമയ പദ്ധതിയുടെ ആനുകൂല്യം ലഭിക്കും
- ചികിത്സ നടത്തി 25 ദിവസത്തിനകം അപേക്ഷയും ഒപ്പം അനുബന്ധ രേഖകളും ഇൻഷൂറൻസ് കമ്പനിയിൽ ലഭിക്കത്തക്കവിധം രജിസ്റ്റേർഡ് പോസ്റ്റായി അയക്കേണ്ടതാണ്

## ഒ.പി ചികിത്സാ ചെലവ് ലഭിക്കുന്നതിനായി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പൂരിപ്പിച്ച അപേക്ഷയോടൊപ്പം

- ചികിത്സിക്കുന്ന ഡോക്ടർ ഒപ്പിട്ട് സീല് വച്ച് നൽകുന്ന ഒറിജിനൽ ട്രീറ്റ്മെന്റ് സർട്ടിഫിക്കറ്റ് (ഡോക്ടറുടേയോ, ആശുപത്രിയുടെയോ ലെറ്റർ പാഡിൽ രോഗവിവരം, കഴിക്കേണ്ടുന്ന മരുന്നുകൾ, അനുബന്ധമായി ചെയ്യേണ്ട ടെസ്റ്റുകൾ, തെറാപ്പി ഉണ്ടെങ്കിൽ അവയുടെ വിവരവും രേഖപ്പെടുത്തിയ ട്രീറ്റ്മെന്റ് സർട്ടിഫിക്കറ്റ് )
- എല്ലാ മരുന്നുകളുടേയും ഒറിജിനൽ ബില്ലിന്റെ പുറകിൽ ചികിത്സിക്കുന്ന ഡോക്ടർ ഒപ്പിട്ട് സീല് വയ്ക്കണം. (തെറാപ്പിയുടെ തുക ലഭിക്കുന്നതിന് വ്യക്തമായ ബില്ല് വയ്ക്കണം)
- അനുബന്ധമായി ടെസ്റ്റുകൾ നടത്തിയിട്ടുണ്ടെങ്കിൽ ( ലാബ് ടെസ്റ്റ്, എക്സ് റേ, ഇ.സി.ജി, ഇ.ഇ.ജി, സ്കാൻ മുതലായവ ) അവയുടെ ഒറിജിനൽ റിപ്പോർട്ടും, ബില്ലും ഡോക്ടർ ഒപ്പിട്ട് സീല് വച്ച് വാങ്ങണം. ബാങ്കിന്റെ ഇ.എഫ്.ടി ഫോറം പൂരിപ്പിച്ചത്, ഡിസെബിലിറ്റി സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്, ബാങ്ക് പാസ്സ് ബുക്കിന്റെ കോപ്പി, നിരാമയ കാർഡിന്റെ കോപ്പി, ഇവ സഹിതം ബില്ലിന്റെ തീയ്യതി മുതൽ 25 ദിവസത്തിനുള്ളിൽ ഇൻഷൂറൻസ് കമ്പനിയിൽ ലഭിക്കത്തക്ക വിധം അയക്കണം.

**ആശുപത്രിയിൽ കിടത്തിയുള്ള ചികത്സാചെലവുകൾ ലഭിക്കുന്നതിനായി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

പൂരിപ്പിച്ച അപേക്ഷയോടൊപ്പം

- ഒറിജിനൽ ഡിസ്ചാർജ്ജ് സമ്മറി ( രോഗിയുടെ പേരു വിവരം, അസുഖ വിവരം, അഡ്മിറ്റ് ഡിസ്ചാർജ് ചെയ്ത തീയ്യതി, സമയം, നൽകിയ ചികിത്സ, അനുബന്ധമായി ചെയ്ത ടെസ്റ്റുകൾ തുടങ്ങിയ വിവരങ്ങൾ വ്യക്തമായി രേഖപ്പെടുത്തണം.
- അഡ്മിറ്റ് ചെയ്ത ദിവസം മുതൽ ഡിസ്ചാർജ് ചെയ്ത ദിവസം വരെയുള്ള മരുന്നുകളുടെയും മറ്റും ബില്ലുകളിൽ ഡോക്ടർ ഒപ്പിട്ട് സീൽ ചെയ്ത് വയ്ക്കണം.

- വലിയ തുകയ്ക്കുള്ള ബില്ലുകളുടെയും മറ്റും തരം തിരിച്ചുള്ള വിവരങ്ങൾ ആശുപത്രിയിൽ നിന്നും വാങ്ങി വയ്ക്കണം.
- അനുബന്ധമായി ടെസ്റ്റുകൾ നടത്തിയിട്ടുണ്ടെങ്കിൽ (ലാബ് ടെസ്റ്റ്, എക്സ്-റേ, ഇ.സി.ജി, ഇ.ഇ.ജി, സ്കാൻ മുതലായവ) അവയുടെ ഒറിജിനൽ റിപ്പോർട്ടും, ബില്ലും ചികിത്സിക്കുന്ന ഡോക്ടർ ഒപ്പിട്ട് സീലു വച്ച് വാങ്ങണം.
- യാത്രാ ചെലവ് ലഭിക്കുന്നതിനായി ആംബുലൻസ് / ടാക്സി എന്നിവയുടെ ഒറിജിനൽ ബില്ല് വയ്ക്കണം.
- ബാങ്കിന്റെ ഇ.എഫ്.ടി ഫോറം പൂരിപ്പിച്ചത് , ഡിസെബിലിറ്റി സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ കോപ്പി , നിരാമയ കാർഡിന്റെ കോപ്പി ഇവ സഹിതം ഡിസ്ചാർജ് ചെയ്ത ദിവസം മുതൽ 25 ദിവസത്തിനുള്ളിൽ ഇൻഷൂറൻസ് കമ്പനിയിൽ ലഭിക്കത്തക്കവിധം അയക്കണം.

| | |
|---|---|
| ഒ.പി ചികിത്സ | 14500/ സാധാരണ അസുഖങ്ങൾക്കുള്ള ചികിത്സ 8000/ രൂപ (സ്കാൻ / ലാബ് ടെസ്റ്റുകൾ / എക്സ്സ് റേ ) വൈകല്യത്തെ തുടർന്നുള്ള റെഗുലർ ചെക്കപ്പുകൾ 4000/ രൂപ<br>പല്ല് സംബന്ധമായ ചികിത്സ 2500/ രൂപ |
| ഫിസിയോ / ഒക്കുപ്പേഷണൽ / സ്പീച്ച് തെറാപ്പി | 10,000 / |
| ഹോമിയോ/ ആയുർവ്വേദം തുടങ്ങിയ ഇതര ചികിത്സ | 4500/ |
| ആംബുലൻസ്/ടാക്സി തുടങ്ങിയ യാത്രാ ചെലവുകൾ | 1000/ |
| ആശുപത്രിയിൽ കിടത്തിയുള്ള ചികിത്സ | 70,000/<br>ഓപ്പറേഷൻ 50,000/ രൂപ<br>വൈകല്യങ്ങളുമായി ബന്ധപ്പെട്ട ഓപ്പറേഷൻ 40,000/<br>മറ്റ് അസുഖങ്ങളെ / അപകടങ്ങളെത്തുടർന്നുള്ള ഓപ്പറേഷൻ 15,000/<br>സാധാരണ അസുഖങ്ങൾക്കുള്ള കിടത്തി ചികിത്സ 15,000/ രൂപ |
| മൊത്തം | 1,00,000/ |

## ദിശ സെന്റർ ബേസ്ഡ് സ്കീം

**സ്കീമിന്റെ ഉദ്ദേശ്യം**

- ജനനം മുതൽ 10 വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് പ്രയോജനം ചെയ്യുന്നു
- ശൈശവ ദശയിൽ തന്നെ ശരിയായ ഇടപെടലിലൂടെ സ്കൂളിലേക്ക് പോകുന്നതിനുള്ള സാധ്യത എളുപ്പമാക്കുന്നതിന് സഹായിക്കുന്നു.

- ഇതിനായി തെറാപ്പി, മറ്റു പരിശീലനങ്ങൾ എന്നിവ സെന്ററിൽ ഒരുക്കുന്നു. പ്രത്യേക അധ്യാപകർ, ഏർളി ഇൻന്റർവെൻഷൻ തെറാപ്പിസ്റ്റ്, ഫിസിയോ/ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ്, കൗൺസിലർ, ആയമാർ മുതലായവരുടെ സേവനം.
- ദിവസത്തിൽ ചുരുങ്ങിയത് 4 മണിക്കൂർ നേരമെങ്കിലും പകൽ പരിപാലന സൌകര്യം.

## വികാസ് സെന്റർ ബേസ്ഡ് സ്കീം

- 10 നും അതിന് മുകളിലും പ്രായമുള്ള കുട്ടികൾക്ക് പ്രയോജനം ലഭിക്കുന്നു.
- ദിവസത്തിൽ ചുരുങ്ങിയത് 6 മണിക്കൂർ നേരം പകൽ പരിപാലനവും, പ്രായാനുസൃതമായ പ്രവർത്തനങ്ങളും ഒരുക്കുന്നു.
- പ്രത്യേക അധ്യാപകർ, ഫിസിയോ/ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ്, കൗൺസിലർ, ആയമാർ മുതലായവരുടെ സേവനം.

## സമർത്ഥ് സെന്റർ ബേസ്ഡ് സ്കീം

നാഷണൽ ട്രസ്റ്റ് വൈകല്യത്തിലുൾപ്പെട്ട അനാഥർ, ഉപേക്ഷിക്കപ്പെട്ടവർ, കുടംബത്തിൽ പ്രശ്നങ്ങൾ അനുഭവിക്കുന്നവർ എന്നിവർക്ക് താമസ സൗകര്യം ഒരുക്കുന്നു.

## പ്രായപൂർത്തിയായവർക്കുള്ള ആജീവനാന്ത പരിപാലനം

തൊഴിൽ പരിശീലനം, തുടർ പരിശീലനങ്ങൾക്കുള്ള സഹായം എന്നിവ നൽകിക്കൊണ്ട് മിനിമം ഗുണനിലവാരത്തിലുള്ള പരിപാലനവും, താമസവും ആജീവനാന്തം ഉറപ്പു വരുത്തുന്ന പദ്ധതി.

## ജ്ഞാൻ പ്രഭ വിദ്യാഭ്യാസ സഹായ പദ്ധതി

തൊഴിലിലേക്കോ സ്വയം തൊഴിൽ സംരംഭങ്ങളിലേക്കോ നയിക്കാൻ പര്യാപ്തമായ ഉന്നത വിദ്യാഭ്യാസം, ശേഷീ വികസന കോഴ്സുകൾ എന്നിവ ചെയ്യുന്നതിന് നാഷണൽ ട്രസ്റ്റ് വൈകല്യമുള്ള വ്യക്തിക്ക് പിന്തുണ നൽകുന്നു. മൂന്ന് വിഭാഗങ്ങളിലായി അതായത് പ്രഫഷണൽ വിദ്യാഭ്യാസം, ബിരുദ-ബിരുദാനന്തര വിദ്യാഭ്യാസം, തൊഴിൽ പരിശീലനം എന്നിവ ഇതിലുൾപ്പെടുന്നു.

## സഹ്യോഗി കെയർ അസോസ്സിയേറ്റ് ട്രെയ്നിങ് സ്കീം

ഭിന്നശേഷിയുള്ള വ്യക്തിക്കും ആവശ്യമെങ്കിൽ അവരുടെ കുടുംബത്തിനും പരിപാലന സൗകര്യമൊരുക്കുന്നതിനായി പരിശീലനം നൽകി ആളുകളെ തയ്യാറാക്കുന്നതിന്.

## പ്രേരണ മാർക്കറ്റിങ് അസ്സിസ്റ്റൻസ് സ്കീം

ഭിന്നശേഷിക്കാർ നിർമ്മിച്ച സാധന സേവനങ്ങൾ വിപണനം നടത്തുന്നതിനുള്ള സൗകര്യം ഒരുക്കൽ





# 2017–18 മുതൽ നാളിതുവരെ സാമൂഹ്യനീതി ഡയറക്ടറേറ്റ് മുഖേന ഭിന്നശേഷിക്കാർക്കായി നടപ്പിലാക്കിയ പ്രധാന പദ്ധതികൾ

# നേട്ടങ്ങൾ

- ഭിന്നശേഷിക്കാരായ മാതാപിതാകളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നല്കുന്നതിനായി 'വിദ്യാകിരണം' എന്ന പുതിയ പദ്ധതി 2017–18 ൽ ആവിഷ്കരിക്കുകയും നാളിതുവരെ 2899 പേർക്കായി 1 കോടി 68 ലക്ഷം രൂപ അനുവദിച്ചു നൽകുകയും ചെയ്തു . നടപ്പ് വർഷം 1900 പേർക്ക് കൂടി പ്രസ്തുത ധനസഹായം നൽകുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട് .
- ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് യുണിഫോം നൽകുന്നതിനായി 'വിദ്യാജ്യോതി' എന്ന പുതിയ പദ്ധതി 2017–18 ൽ ആവിഷ്കരിക്കുകയും നാളിതുവരെ 1601 പേർക്കായി 48.54 ലക്ഷം രൂപ അനുവദിച്ചു നൽകുകയും ചെയ്തു. നടപ്പ് വർഷം 1500 പേർക്ക് കൂടി ടി ധനസഹായം നൽകുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട് .

- ഭർത്താവ് ഉപേക്ഷിച്ചു പോയതും തീവ്ര മാനസിക വെല്ലുവിളികൾ നേരിടുന്ന മക്കൾ ഉള്ളതുമായ വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് 35000/ രൂപ ധനസഹായം നൽകുന്ന 'സ്വാശ്രയ' പദ്ധതി ആവിഷ്കരിക്കുകയും നാളിതുവരെ 127 പേർക്കായി 43.69 ലക്ഷം രൂപ അനുവദിച്ചു നൽകുകയും നടപ്പ് വർഷം 180 പേർക്ക് കൂടി ടി ധനസഹായം നൽകുവാൻ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.
- കേരളത്തെ ഭിന്നശേഷി സൗഹൃദ സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന 'ബാരിയർ ഫ്രീ' പദ്ധതിയിലൂടെ മലപ്പുറം, വയനാട് എന്നീ ജില്ലകളിലെ പൊതു കെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കി മാറ്റുന്നതിനായി 15 കോടി രൂപ അനുവദിച്ചുനല്കി. കണ്ണൂർ ജില്ലയെ ഇതിനോടകം തന്നെ ബാരിയർ ഫ്രീയാക്കിയിട്ടുണ്ട്.
- ഭിന്നശേഷിക്കാർക്കായി 'വ്യക്തിഗത പരിപാലന പദ്ധതി' എന്ന ബൃഹദ് പദ്ധതി അവ്ഷ്കരിച്ചു നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള സർവേ നടപടികൾ പൂർത്തിയായിവരുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്ന തിനായി 4 കോടി 36 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.
- ഭിന്നശേഷിക്കാരായ വനിതകൾ/ ഭിന്നശേഷിക്കാരായവരുടെ മക്കൾക്ക് വിവാഹധനസഹായം നൽകുന്ന പദ്ധതിയിലൂടെ 2017 മുതൽ നാളിതു വരെ 969 പേർക്കായി 181.90 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.
- ഭിന്നശേഷിക്കാർക്ക് ചികിത്സ ധനസഹായം നൽകുന്നതിനുള്ള ദുരിതാശ്വാസ നിധിയിലൂടെ 2017 മുതൽ നാളിതുവരെ 767 പേർക്കായി 34.17 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.
- ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ നൽകുന്ന പദ്ധതിയിലൂടെ കഴിഞ്ഞ സാമ്പത്തിക വർഷം 244 പേർക്കായി 46.13 ലക്ഷം രൂപയുടെ സഹായ ഉപകരണങ്ങൾ നൽകി.
- സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ സ്ഥാപനങ്ങൾക്ക് ഗ്രാൻറ് നൽകുന്ന 'Psycho Social Programme for Orphaned Mentally ill Persons' എന്ന പദ്ധതിയിലൂടെ 2017 മുതൽ നാളിതുവരെ 30 സ്ഥാപനങ്ങളിലെ 2500 ൽ അധികമുള്ള അന്തേവാസികളുടെ പുനരധിവാസത്തിനായി 7 കോടി 40 ലക്ഷം രൂപ അനുവദിച്ചു നല്കിയിട്ടുണ്ട്.
- ഭിന്നശേഷിക്കാരായവർക്ക് 'തുല്യതാ പരീക്ഷ എഴുതുന്നതിനുള്ള ധനസഹായ പദ്ധതി' യിലൂടെ 2017 മുതൽ നാളിതുവരെ 65 പേർക്ക് 1.40 ലക്ഷം രൂപ അനുവദിച്ചു നൽകി. 270 പേർക്ക് കൂടി പ്രസ്തുത ധനസഹായം നൽകുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- കാഴ്ച്ചപരമായി വെല്ലുവിളികൾ നേരിടുന്ന അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ പരിപാലിക്കുന്നതിന് ധനസഹായം നൽകുന്നതിനായുള്ള 'മാതൃജ്യോതി' പദ്ധതിയിലൂടെ 2017 മുതൽ നാളിതുവരെ 54 പേർക്ക് 13 ലക്ഷം രൂപ അനുവദിച്ചു നൽകി.
- ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് 'സ്കോളർഷിപ്പ്' നൽകുന്ന പദ്ധതിയിലൂടെ 2017 മുതൽ നാളിതുവരെ 349 പേർക്ക് 32.94 ലക്ഷം രൂപ അനുവദിച്ചു നൽകി.
- 98.98 ലക്ഷം രൂപ വിനിയോഗിച്ച് 25106 ഭിന്നശേഷിക്കാരെ 'നിരാമയ' ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ എൻറോൾ ചെയ്തു.
- National Trust Act ൻ കീഴിലുള്ള 'ലീഗൽ ഗാർഡിയൻഷിപ്പ്

സർട്ടിഫിക്കറ്റ്"വിതരണം മുൻ വർഷങ്ങളേക്കാൾ 70% വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്.

- 'കാഴ്ചപരമായി വെല്ലുവിളികൾ നേരിടുന്ന അഭിഭാഷകർക്കുള്ള വായന സഹായിക്കായി ധനസഹായം നൽകുന്ന പദ്ധതി' പ്രകാരം 4 ഗുണഭോക്താക്കൾക്ക് 1.88 ലക്ഷം രൂപ കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ചു നൽകി.
- തിരുവനന്തപുരം നഗരത്തിലെ സർക്കാർ കെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനായി Accessible India Campaign എന്ന പദ്ധതിയിലൂടെ നഗരത്തിലെ 28 കെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദ മാക്കുന്നതിനായി 8.59 കോടി രൂപ അനുവദിക്കുകയും അതിൽ 4.29 കോടി രൂപ ഒന്നാം ഗഡുവായി സംസ്ഥാനത്തിന് ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ടമായി ജില്ലയിലെ 23 പൊതു കെട്ടിടങ്ങൾ കൂടി Accessible Audit നടത്തി പ്രൊപ്പോസൽ സമർപ്പിച്ച് തിരുവനന്തപുരം നഗരത്തിലെ എല്ലാ സർക്കാർ കെട്ടിടങ്ങളും ഭിന്നശേഷിക്കാർക്ക് തടസ രഹിതവും സൗഹൃദപരവുമാക്കി മാറ്റുന്നതാണ്.
- ഭിന്നശേഷിക്കാർക്കായി വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന പദ്ധതികളുടെ ആവർത്തനം ഒഴിവാക്കിക്കൊണ്ട് പദ്ധതികൾ യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നത് സംബന്ധിച്ച് പഠനം നടത്തുന്നതിനായി പദ്ധതി Centre For Socio Economic and Environmental Studies (CSES) നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഇവ കൂടാതെ വിവിധ NGO കളുടെ സഹകരണത്തോടെ നിരവധി പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.



# നാഷണൽ ട്രസ്റ്റ് സ്പെഷ്യൽ സെൽ - പ്രവർത്തന റിപ്പോർട്ട്

നാഷണൽ ട്രസ്റ്റ് നിയമം 1999 സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും ലോക്കൽ ലെവൽ കമ്മറ്റികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി സാമൂഹ്യനീതി ഡയറക്ടറേറ്റ് കേന്ദ്രീകരിച്ച് ഒരു സ്പെഷ്യൽ സെൽ 2018 മാർച്ച് 23 ന് ആരംഭിച്ചു. സാമൂഹ്യ സുരക്ഷാ മിഷൻ വഴി ഒരു സ്റ്റേറ്റ് കോർഡിനേറ്ററെ ഇതിലേക്ക് നിയോഗിക്കുകയും ചെയ്തു. സെല്ലും സ്റ്റേറ്റ് നോഡൽ ഏജൻസി സെന്ററും (SNAC) ചേർന്നു നടത്തിയ പ്രവർത്തനങ്ങളുടെയും ഇടപെടലുകളുടെയും ഫലമായി നാഷണൽ ട്രസ്റ്റ് പ്രവർത്തനങ്ങളിൽ കേരളം രാജ്യത്തിന് തന്നെ മാതൃകയായി മാറിയിരിക്കുകയാണ്.

## നിരാമയ ഇൻഷൂറൻസ് സ്കീം

ഇന്ത്യയിൽ ആകെ 82000 പേരാണ് ഈ സ്കീമിൽ അംഗങ്ങളായുള്ളത്. ഇതിന്റെ 39% ആയ 32,712 ഗുണഭോക്താക്കളെ ചേർത്ത് കൊണ്ട് കേരളം ഒന്നാം സ്ഥാനത്ത് എത്തി നിൽക്കുന്നു. ഇതു വരെ 2046 പേർക്ക് ഇൻഷൂറൻസ് ക്ലെയിം കിട്ടിയിട്ടുണ്ട്. 68,94,434/ രൂപ ഇതു വഴി ലഭ്യമായിട്ടുണ്ട്. പദ്ധതിയിൽ അംഗങ്ങളാകുന്നവരുടെ പ്രീമിയം തുക സംസ്ഥാന സർക്കാർ നോഡൽ ഏജൻസി സെന്റർ വഴി അടക്കുന്നു. 2018-19 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി 1.5 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്.

## ലീഗൽ ഗാർഡിയൻഷിപ്പ്

നാഷണൽ ട്രസ്റ്റിന്റെ പ്രധാന പ്രവർത്തനങ്ങളിലൊന്നായ ലീഗൽ ഗാർഡിയൻഷിപ്പ് അനുവദിക്കുന്നതിലും സംസ്ഥാനം രാജ്യത്ത് ഒന്നാം സ്ഥാനത്തെത്തിയിരിക്കുന്നു. മറ്റ് സംസ്ഥാനങ്ങൾ ആയിരത്തിൽ താഴെ മാത്രം സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തപ്പോൾ കേരളം 4154 പേർക്ക് സർട്ടിക്കറ്റുകൾ വിതരണം ചെയ്തു.

## ലോക്കൽ ലെവൽ കമ്മറ്റികൾ

മുഴുവൻ ജില്ലകളിലും ലോക്കൽ ലെവൽ കമ്മറ്റികൾ രൂപീകരിച്ച ആദ്യ സംസ്ഥാനം എന്ന ബഹുമതി കേരളം സ്വന്തമാക്കി.

## ലോക്കൽ ലെവൽ കമ്മറ്റികളുടെ (LLC) അവലോകന യോഗം

ജൂലൈ 19 ന് പി.എം.ജി യിലുള്ള ഹോട്ടൽ പ്രശാന്തിൽ വച്ച് സംസ്ഥാനത്തെ മുഴുവൻ ലോക്കൽ ലെവൽ കമ്മറ്റി അംഗങ്ങളുടെയും, ജില്ലാ സാമൂഹ്യനീതി ഓഫീസർമാരുടെയും ഒരു അവലോകനയോഗം സാമൂഹ്യനീതി ഡയറക്ടർ നടത്തി. യോഗത്തിൽ മുഴുവൻ ജില്ലകളിൽ നിന്നും പ്രാതിനിധ്യം ഉണ്ടായിരുന്നു.

## ജില്ലാ മോണിറ്ററിങ് സെൽ രൂപീകരണം

സ്റ്റേറ്റ് മോണിറ്ററിങ് സെല്ലിന് ജില്ലകളിൽ നാഷണൽ ട്രസ്റ്റുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രവർത്തനങ്ങളുടെ കൃത്യമായ വിവര ശേഖരണത്തിനും, ലോക്കൽ ലെവൽ കമ്മറ്റികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുമായി ജില്ലാ സാമൂഹ്യനിതി ഓഫീസറുടെ നേതൃത്വത്തിൽ ജില്ലാ മോണിറ്ററിങ് സെൽ രൂപീകരിച്ചു. പ്രസ്തുത സെൽ മൂന്ന് മാസത്തിലൊരിക്കൽ ജില്ലാ തലത്തിൽ അവലോകന യോഗം കൂടുന്നതിനും, ലോക്കൽ ലെവൽ കമ്മറ്റികളുടെ പ്രതിമാസ റിപ്പോർട്ട് ഡയറകടർക്ക് നൽകുന്നതിനും നിർദ്ദേശം നൽകി.

## ലോക്കൽ ലെവൽ കമ്മറ്റികളുടെ പ്രതിമാസ റിപ്പോർട്ട്

ജില്ലാ തല സെൽ വഴി സ്റ്റേറ്റ് സെല്ലിന് നൽകുന്നതിനായി പ്രത്യേക ഫോർമാറ്റ് തയ്യാറാക്കി എല്ലാ ജില്ലാ ഓഫീസർമാർക്കും നൽകി.

## നാഷണൽ ട്രസ്റ്റിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ

21 എണ്ണമായിരുന്നു സംസ്ഥാനത്ത് ഉണ്ടായിരുന്നത്. സ്ഥാപനങ്ങളെ നാഷണൽ ട്രസ്റ്റിൽ രജിസ്റ്റർ ചെയ്യിക്കുന്നതിനായി സംസ്ഥാനത്ത് 4 മേഖലാ കേന്ദ്രങ്ങളിലായി ബോധവൽക്കരണ പരിശീലന പരിപാടി സംഘടിപ്പിച്ചു.

## രക്ഷാകർതൃ ബോധവൽകരണം

SNAC യുമായി സഹകരിച്ചു കൊണ്ട് നാഷണൽ ട്രസ്റ്റ് നിയമവുമായി ബന്ധപ്പെട്ട് രക്ഷിതാക്കൾക്ക് ഒരു ജില്ലയിൽ രണ്ട് കേന്ദ്രങ്ങളിലായി ഒന്നാം ഘട്ട ബോധവൽകരണ പരിപാടി സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചു. ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ ലോക്കൽ ലെവൽ കമ്മറ്റികളുടെയും , എസ്.എൻ.എ.സി യുടെയും സഹകരണത്തോടെ പരിപാടി സംഘടിപ്പിക്കുന്നതിന് നിർദ്ദേശം നൽകി. സ്പെഷ്യൽ സെൽ ഇതിന്റെ മോണിറ്ററിങ് നടത്തും.

## സംസ്ഥാല തല വർക്ക്ഷോപ്പ്

ലീഗൽ ഗാർഡിയൻഷിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഉന്നത ഉദ്യോഗസ്ഥ തലത്തിൽ പരിചയപ്പെടുത്തുന്നതിനായി ഒരു സംസ്ഥാനതല വർക്ക്ഷോപ്പ് നാഷണൽ ട്രസ്റ്റ് ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ച് 2018 ഡിസംബറിൽ തിരുവനന്തപുരത്ത് നടത്തും.

# Name and Address of the Offices under Social Justice Department

Directorate of Social Justice
Vikas Bhavan, 5th Floor, Thiruvananthapuram
Ph: 0471-2306040 Email: swdkerala@gmail.com

## DSJOs

District Social Justice Office, Thiruvananthapuram
Institution Complex, Near Vocational Training Centre & KSSM,
Poojappura, Thiruvananthapuram.
Ph: 0471-2343241 Email: dswotvmswd@gmail.com

District Social Justice Office, Kollam
Civil Station, Kollam. Ph: 0474-2790971 Email: dsjosjdklm@gmail.com

District Social Justice Office, Pathanamthitta
Kappil Arcade, Doctor's Lane, College Road Pathanamthitta
Ph: 0468-2325168 Email: dsjopta@gmail.com

District Social Justice Office, Alappuzha
Building of Federation of Blind, Near General Hospital,
Palace ward Iron Bridge P.O., Alappuzha
Ph: 0477-2253870 Email: dswoalpy@gmail.com

District Social Justice Office, Kottayam
Mini Civil Station, Thirunakkara Kottayam
Ph: 0481-2563980 Email: dsjoktm@gmail.com

District Social Justice Office, Idukki
Thodupuzha P.O Idukki Ph: 0486-2228160 Email: dswoidkswd@gmail.com

District Social Justice Office, Ernakulam
Civil Station, Kakkanad, Ernakulam, 682030
Ph: 0484-2425377 Email: dsjoekm@gmail.com

District Social Justice Office, Thrissur
Mini Civil Sation, Chembukkavu P.O Thrissur
Ph: 0487-2321702 Email: dswotsrswd@gmail.com

District Social Justice Office, Palakkad
Civil station, Palakkad Ph: 0491-2505791 Email: dswopkdswd@gmail.com

District Social Justice Office, Kozhikode
Civil Station, Kozhikode. Ph: 0495-2371911 Email: dsjokkd@gmail.com

### District Social Justice Office, Malappuram

District Social Justice Office, Civil Station, Malappuram
Ph: 0483-2735324 Email: dsjompm@gmail.com

### District Social Justice Office, Wayanad

District Social Justice Office, Civil Station, Wayanad, Kalpetta
Ph: 04936 205307 Email: dsjowyd@gmail.com

### District Social Justice Office, Kannur

District Social Justice Office, Civil Station, F Block, Kannur
Ph: 0497-2712255 Email: dswoknrswd@gmail.com

### District Social Justice Office, Kasargod

Civil station.Vidyanagar Kasargod
Ph: 0499-4255074 Email: dswokgdswd@gmail.com

## Probation Offices

### Probation Office, Poojappura

Poojappura, Thiruvananthapuram
Ph: 0471-2342786 Email: dpopoojappura@gmail.com

### Probation Office, Attingal

Court Complex Building, Attingal Thiruvananthapuram
Ph: 0470-2625456 Email: dpoattingal@gmail.com

### Probation Office, Kollam

Civil Station, Kollam. Ph: 0474-2794029 Email: dpoklm123@gmail.com

### Probation Office, Pathanamthitta

Mini Civil Station, 4th Floor, Pathanamthitta
Ph: 0468-2325242 Email: dpoptta2014@gmail.com

### Probation Office, Alappuzha

Court Building, Alappuzha. Ph: 0477-2238450
Email: districtprobationalpy@gmail.com

### Probation Office, Kottayam

District Probation Office, K.V.M.Buildings, Annankunnu Road
Kottayam PIN-686001 Ph: 0481-2300548 Email: kottayamdpo@gmail.com

### Probation Office, Idukki

Mini Civil Station, Old Block Thodupuzha P.O Idukki-685584
Ph: 0486-2220126, 8281999039 Email: dpoidk11@gmail.com

### Probation Office, Ernakulam

B2 Block, Ground Floor, Civil Station, Kakkanad, Cochin 682 030
Ph: 0484-2425249 Email: probationofficeekm@gmail.com

### Probation Office, Moovattupuzha

Mini Civil Station, II Floor, Mudavoor P.O., Muvattupuzha
Ph: 0485- 2811446 Email: probationofficemvpa@gmail.com

Probation Office, Thrissur
Civil Station Ayyanthole , Thrissur
Ph: 0487-2363999 Email: dpotsr@gmail.com

Probation Office, Palakkad
Civil station,Palakkad Ph: 0491-2505775 Email: pkddpo@gmail.com

Probation Office, Malappuram
District Probation Office, Court Complex, Manjeri, Malappuram DT
Ph: 0483-2970066 Email: probationofficempm@gmail.com

Probation Office, Wayanad
District Probation Office, Civilstation, Kalpetta, Wayanad
Ph: 04936-207157 Email: dpowyd@gmail.com

Probation Office, Kasargod
D Block 2nd floor Civil Station Vidya nagar P.O, Kasargod
Ph: 04994-255366 Email: probationksd@gmail.com

Probation Office, Kozhikode
B block, 5th floor Civil station, Kozhikode PIN-673020
Ph: 0495-2373575 Email: dpokkd@gmail.com

Probation Office, Kannur
Near Court Compound, Thalassery, Kannur
Ph: 0490-2344433 Email: dpotly@gmail.com

## Institutions

Asha Bhavan (Men), Thiruvananthapuram
Poojappura, Thiruvananthapuram
Ph: 0471-2341955 Email: ashas5335@gmail.com

Asha Bhavan (Women), Thiruvananthapuram
Poojappura, Thiruvananthapuram
Ph: 0471-2341944 Email: ashabhavanwomen@gmail.com

Home for Physically Handicapped, Thiruvananthapuram (Women)
Social Justice Institution complex Poojappura, Thiruvananthapuram
Ph: (0471) 234-1090 Email: hph4womentvpm@gmail.com

Care Home,Pulayanarkotta, Thiruvananthapuram
Care Home, Thuruvikkal PO Pulayanarkotta,Thiruvananthapuram
Ph: 0471- 2440747 Email: carehomepulayanarkotta@gmail.com

Day Care Centre and Old Age Home (Women), Thiruvananthapura
V.T.C compound, Poojappura, Thiruvananthapuram
Ph: 0471-2340566 Email: oahwomentvm@gmail.com

Government Old Age Home, Kollam
Inchavila,(PO),Anchalummoodu, Kollam
Ph: 04742701516 Email: oahkollam@gmail.com

Government Old age Home,Pathanamthitta
Vayallathala P.O, Puthamon Junction Ranni (Via) Pathanamthitta
Ph: 0473-5246558 Email: goahpta@gmail.com

Old Age Home for Physically Handicapped, Alappuzha
Mayithara.P.O.,Cherthala
Ph: 0478-2816696 Email: hphmayithara@gmail.com

Care Home for Disabled Children, Alappuzha
Alissery Ward,Civil Station P.O, Alappuzha, PIN-688001
Ph: 0477-2251291 Email: chdcalpy@gmail.com

Government Old Age Home, Kottayam
Government Old Age Home, Kottayam Thiruvanchoor Post, Pincode-686019
Ph: 04812- 770430 Email: oah.kottayam@gmail.com

Old age Home for Physically Handicapped, Idukki
Muthalakkodam P.O., Pazhukkakulam, Thodupuzha via, Idukki District
Ph: 04862-211024 Email: hphfortheagedidukki@gmail.com

Government Old Age Home, Ernakulam
Government Oldage Home Thevara P.O. Kochi-682013
Ph: 0484-2663641 Email: goahekm@gmail.com

Asha Bhavan (Men), Ernakulam
Kusumagiri P.O., Near IMG, Kakkanad, Ernakulam - 682 030
Ph: 04842428308 Email: ashabhavanekm@gmail.com

Home for Physically Handicapped (Women), Ernakulam
Thevara Ferry, Kochi PIN- 682013
Ph: 0484-2663688 Email: hphwekmswd@gmail.com

Asha Bhavan (Women), Thrissur
Asha Bhavan Ramavarmapuram P.O. Thrissur
Ph: 0487-2694818 Email: ashabhavanthrissur@gmail.com

Prathyasa Bhavan, Thrissur
Prathyasa Bhavan Ramavarmapuram
Ph: 0487-2325863 Email: prathyashabhavanrvm@gmail.com

Government Old age Home, Thrissur
Ramavarmapuram P.O., Thrissur.
Ph: 0487-2693734 Email: goahtcr@gmail.com

Old age Home for Physically Handicapped and Aged, Palakkad
Thottakkattu Thara, Koduvayur, Palakkad
Ph: 04923251341 Email: hpholdagepkd@gmail.com

Government Old age Home, Malappuram
Old age Home, Thavanoor Thrikkannapuram P.O Malappuram
Ph: 0494-2698822 Email: govoahtvnr@gmail.com

**Pratheeksha Bhavan(Custodial Care Home), Malappuram**
Pratheeksha Bhavan, Thriikkannapuram, Thavanur, Malappuram
Ph: (0494) 269-9050 Email: pratheekshabhavanthavanurmlp@gmail.com

**Old Age Home for Physically Handicapped, Wayanad**
Home for Pysically Handicapped (Old age Home) Palliyara , P.O.Kanayambetta
Ph: 04936-285900 Email: hphwayanad@gmail.com

**Government Old Age Home, Kannur**
Government Old Age Home Chal, Azhikode P.O Kannur PIN-670009
Ph: 04972771300 Email: gohkswj@gmail.com

**Government Old Age Home, Kasargod**
Paravanadukkam P.O Kasargod
Ph: 04994-239726 Email: govtoldagehomeksd1@gmail.com

**Asha Bhavan (Women), Kozhikode**
Ozhookkara, Mayandad{P O}, Medicalcollege, Kozhikode 8
Ph: 0495-2358876 Email: ashabhavanwmnclt@gmail.com

**Vocational Training Centre (VTC), Kozhikode**
Ozukkara, Mayanad (PO), Medicalcollege (Via), Kozhikode
Ph: 0495-2351403 Email: vtckkd@gmail.com

**Home for Physically Handicapped (HPH), Kozhikode**
Bhinnasheshi sadanam, Ozhukkara, Mayanadu(P.O)
Medical college (via), Kozhikode
Ph: 0495-2355698 Email: hphclt@gmail.com

**Government Asha Bhavan (Men), Kozhikode**
Social Welfare Complex Marykunnu P.O Vellimadukunnu,
PIN-673012 Kozhikode
Ph: 0495-2732454 Email: ashabhavanmenkkd@gmail.com

**Home For Mentally Deficient Children (HMDC), Kozhikode**
Social Justice Complex Vellimadukunnu,
(P.O)Marikunnu, Kozhikode
Ph: 04952731632 Email: superintendent.hmdc64@gmail.com

**Government Old Age Home, Kozhikode**
Social Justice Complex Vellimadukunnu, P.O Kozhikode
Ph: 0495-2731111 Email: calicutoldagehome24@gmail.com

**Vocational Training Centre for Physically Handicapped,Thiruvananthapuram**
T.C 42/C-50, Poojapura, Thiruvananthapuram, PIN-695012
Ph: 04712343618 Email: vtctvm3618@gmail.com

**Govt. Oldage Home & Fulltime Dementia Care Centre, Edavanakkad**
Oldage Home & Fulltime Dementia care Centre,
illathupady, Edavanakkad, Ernakulam-682502
Ph: 0484-2506990 Email: edavanakkadoldagehome@gmail.com

## ഭിന്നശേഷിക്കാർക്ക് 10th ക്ലാസ്/ +2 ക്ലാസ് തുല്യതാ പരീക്ഷ എഴുതുന്നതിന് ധനസഹായ പദ്ധതി



- ഭിന്നശേഷി 40% വും അതിനുമുകളിലും
- APL, BPL വ്യത്യാസമില്ലാതെ ധനസഹായം അനുവദിക്കുന്നു.
- 10th ക്ലാസ്സ് തുല്യതാ പരീക്ഷയ്ക്ക് കോഴ്സ് ഫീസ് 1600/ രൂപ.
- +1, +2 പരീക്ഷയ്ക്ക് കോഴ്സ് ഫീസ് 2250/ രൂപ

## വികലാംഗരുടെ പെൺമക്കളുടെ/ വികലാംഗരായ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായ പദ്ധതി



- റേഷൻ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
- വികലാംഗർക്കുള്ള ഐഡന്റിറ്റി കാർഡ്.
- വധു വികലാംഗനായ അപേക്ഷകന്റെ മകളാണെന്ന് തെളിയിക്കുന്ന ജനന സർട്ടിഫിക്കറ്റ്.
- ബന്ധപ്പെട്ട വില്ലേജ് ഓഫീസറിൽ നിന്നും ലഭിച്ച വരുമാന സർട്ടിഫിക്കറ്റ്.
- മൊത്തവരുമാനം 36,000/ രൂപയിൽ കൂടാൻ പാടില്ല.

ഒറ്റതവണ ധനസഹായം
**10,000 രൂപ**

അപേക്ഷകൾ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കുക

## വികലാംഗ ദുരിതാശ്വാസനിധി

### ചികിത്സാധനസഹായം നൽകുന്ന പദ്ധതി



സംസ്ഥാന സർക്കാർ വികലാംഗ ദുരിതാശ്വാസനിധിയായി കോർപ്പസ് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുകയിൽ നിന്നും ലഭിക്കുന്ന പലിശത്തുക ഉപയോഗിച്ചാണ് വികലാംഗരായ വ്യക്തികൾക്ക് സാമൂഹ്യനീതി വകുപ്പ് മുഖേന ചികിത്സാധനസഹായമായി ഒറ്റതവണ പരമാവധി 5,000 രൂപ നൽകി വരുന്നു.

അപേക്ഷകർ ചുവടെ വിവരിക്കുന്ന വൈകല്യമുള്ളവരായിരിക്കണം:

1. അന്ധത
2. ബധിരത / മൂകബധിരത
3. അസ്ഥിസംബന്ധമായ വൈകല്യം
4. ബുദ്ധി വൈകല്യം
5. 40 ശതമാനമോ അതിനു മുകളിലോ വൈകല്യമുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ

SOCIAL JUSTICE DEPARTMENT

അപേക്ഷകൾ ജില്ലാ സാമൂഹ്യ നീതി ഓഫീസ് വഴി സമർപ്പിക്കുക

## സ്വാവലംബൻ ഇൻഷ്വറൻസ് പദ്ധതി



അന്ധത, കാഴ്ച്ചകുറവ്, കുഷ്ഠരോഗം ചികിത്സിച്ച് മാറിയവർ, കേൾവി പ്രശ്നങ്ങൾ ഉള്ളവർ, ചലന വൈകല്യം, ബുദ്ധിമാന്ദ്യം, മാനസിക രോഗങ്ങൾ എന്നീ വിഭാഗത്തിൽപ്പെടുന്നവർക്കാണ് നിലവിൽ ഈ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നത്.

കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ പ്രോജക്റ്റായ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസബിലിറ്റീസ് ആണ് സ്വാവലംബൻ ഇൻഷ്വറൻസ് പദ്ധതി കോഓർഡിനേറ്റ് ചെയ്യുന്നത്.

**2 ലക്ഷം**
വരെ ആരോഗ്യ പരിരക്ഷ

അപേക്ഷകൾ ICDS പ്രോജക്റ്റ് ഓഫീസിൽ സമർപ്പിക്കുക.

sjd.kerala.gov.in

## 'വിദ്യാജ്യോതി' പദ്ധതി

SOCIAL JUSTICE DEPARTMENT



- അപേക്ഷകൻ/അപേക്ഷക സർക്കാർ/എയ്ഡഡ് സ്ഥാപനത്തിൽ പഠിക്കുന്ന ആളായിരിക്കണം.
- 40%മോ അതിനു മുകളിലോ വൈകല്യം ഉള്ള ആളാണെന്ന് മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തണം.
- പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നതിന് വരുമാന പരിധി ബാധകമല്ല.
- വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപനമേധാവി അപേക്ഷയിൽ നിർബന്ധമായും സാക്ഷ്യപ്പെടുത്തണം.
- ബി.പി.എൽ വിദ്യാർത്ഥികൾക്ക് മുൻഗണന.



അപേക്ഷകൾ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് സമർപ്പിക്കുക.

കേരള സർക്കാർ

സാമൂഹ്യനീതി വകുപ്പ്


സാമൂഹ്യനീതി വകുപ്പ്
ഡയറക്ടറേറ്റ് ഓഫ് സോഷ്യൽ ജസ്റ്റിസ്
അഞ്ചാം നില, വികാസ് ഭവൻ
പിഎംജി, തിരുവനന്തപുരം 695 033
ഫോൺ 0471 2306040 ഇമെയിൽ swdkerala@gmail.com